# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

2025 ജൂലൈ 11 വെള്ളി

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ


## ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യക്ക് നഷ്ടമുണ്ടായിട്ടില്ലെന്ന് അജിത് ഡോവൽ

ചെന്നൈ : ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യക്ക് ഒരു നഷ്ടമുണ്ടായിട്ടില്ലെന്നും പാകിസ്താനിലെ ഒമ്പത് ഭീകര കേന്ദ്രങ്ങളെ ഇന്ത്യ കൃത്യമായി ലക്ഷ്യം വെച്ചെന്നും ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ.



ഐഐടി മദ്രാസിന്റെ 62-ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 'ഓപ്പറേഷൻ സിന്ദൂറിനായി 23 മിനിറ്റ് മാത്രമേ എടുത്തൊള്ളൂ. ഒമ്പത് 9 തീവ്രവാദ കേന്ദ്രങ്ങളാണ് നശിപ്പിച്ചത്.പാകിസ്താന്റെ അതിർത്തിയിലെ 9 തീവ്രവാദ കേന്ദ്രങ്ങൾ തകർക്കാൻ ഞങ്ങൾ തീരുമാനിച്ചു.നമുക്ക് ഒന്നും നഷ്ടമായില്ല. അതല്ലാതെ മറ്റെവിടെയും ഞങ്ങൾ ആക്രമിച്ചിട്ടില്ല.. ഡോവൽ പറഞ്ഞതായി വാർത്താ ഏജൻസിയായ എഎൻഐ റിപ്പോർട്ട് ചെയ്തു.ആരൊക്കെ,എവിടെയൊക്കെ ഉണ്ടെന്ന് ഞങ്ങൾക്ക് കൃത്യമായി അറിയാമായിരുന്നു.മുഴുവൻ ഓപ്പറേഷനും 23 മിനിറ്റ് മാത്രമേ എടുത്തൊള്ളൂ'..അദ്ദേഹം പറഞ്ഞു.

ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ച് വിദേശ മാധ്യമങ്ങളിൽ വരുന്ന റിപ്പോർട്ടിങ്ങിനെയും ഡോവൽ വിമർശിച്ചു. ആക്രമണത്തിൽ ഇന്ത്യക്ക് ഒരു നാശനഷ്ടവും ഉണ്ടായിട്ടില്ല.പാകിസ്താൻ അങ്ങനെ ചെയ്തു,ഇങ്ങനെ ചെയ്തുവെന്ന് വിദേശമാധ്യമങ്ങൾ പറയുന്നു.ഇന്ത്യയുടെ ഒരു ഗ്ലാസ് പാളിയെങ്കിലും തകർന്നതിന്റെ ഫോട്ടോ കാണിക്കാൻ പറ്റുമോയെന്നും അദ്ദേഹം വെല്ലുവിളിച്ചു.

പഹൽഗാം ഭീകരാക്രമണത്തിന് തിരിച്ചടിയായി മേയ് ഏഴിന് പുലർച്ചെയായിരുന്നു ഇന്ത്യ ഓപ്പറേഷൻ സിന്ദൂർ ആരംഭിച്ചത്. ഏപ്രിൽ 22 ന് പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തിന് 26 പേരാണ് കൊല്ലപ്പെട്ടത്. മേയ് 10 ന് എല്ലാ സൈനിക നടപടികളും നിർത്തലാക്കുന്നതായി ഇന്ത്യയും പാകിസ്താനും ധാരണയിലെത്തുകയായിരുന്നു.

## സ്കൂൾ സമയ വിവാദം: 'സമയമാറ്റം ആലോചനയിൽ ഇല്ല: മന്ത്രി വി.ശിവൻകുട്ടി

തിരുവനന്തപുരം: സ്കൂൾ സമയത്തിൽ ഏതെങ്കിലും ഒരു വിഭാഗത്തിന് മാത്രം സൗകര്യം ചെയ്തു കൊടുക്കാൻ കഴിയില്ലെന്ന് വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടി. പ്രത്യേക സമൂഹത്തിന്റെ പേര് പറഞ്ഞ് ഗവൺമെന്റിനെ വിരട്ടുന്നത് ശരിയല്ല.സമയം മാറ്റണമെന്ന് ആവശ്യപ്പെടുന്നവർ അവരുടെ ആവശ്യങ്ങൾക്ക് സമയം ക്രമീകരിക്കണം. അധ്യാപക സംഘടനകൾ ഉൾപ്പെടെ സമയമാറ്റം അംഗീകരിച്ചതാണ്. അതിലൊരു മാറ്റം വരുത്തുന്നതിനെക്കുറിച്ച് ചിന്തിക്കുന്നില്ലെന്നും വിദ്യാഭ്യാസമന്ത്രി പറഞ്ഞു.



സർക്കാരിനെ സംബന്ധിച്ച് കുട്ടികളുടെ വിദ്യാഭ്യാസമാണ് പ്രധാനപ്പെട്ടത്. 37 ലക്ഷം വിദ്യാർത്ഥികളെ ബാധിക്കുന്ന വിഷയമാണ്. സർക്കാരിനെ വിരട്ടരുതെന്നും ഏതെങ്കിലും ഒരു വിഭാഗത്തിന് മാത്രം സൗകര്യം ചെയ്തു കൊടുക്കാൻ കഴിയില്ലെന്നും വിദ്യാഭ്യാസ മന്ത്രി കൂട്ടിച്ചേർത്തു. പ്രത്യേക സമൂഹത്തിന്റെ പേര് പറഞ്ഞ് ഗവൺമെന്റിനെ വിരട്ടുന്നത് ശരിയല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.അതേസമയം, സ്കൂൾ സമയമാറ്റമെന്ന ആവശ്യം സുന്നിസംഘടനകൾ കടുപ്പിക്കുകയാണ്. സർക്കാരിനെതിരെ സമസ്ത പ്രത്യക്ഷ സമരം പ്രഖ്യാപിച്ചതിന് പിന്നലെ കാന്തപുരവും രംഗത്തെത്തി. വിദ്യാർത്ഥികളുടെയും, രക്ഷിതാക്കളുടെയും ആശങ്ക പരിഹരിക്കണമെന്ന് കാന്തപുരം ആവശ്യപ്പെട്ടു.

# നിർമാണച്ചെലവ് 40 കോടി

## ഉദ്ഘാടനം കഴിഞ്ഞ് മണിക്കൂറുകൾക്കകം പൊട്ടിപ്പൊളിഞ്ഞ് മഹാരാഷ്ട്രയിലെ മേൽപ്പാലം

താനെ: ഉദ്ഘാടനം കഴിഞ്ഞ് മണിക്കൂറുകൾക്കകം തന്നെ പൊട്ടിപ്പൊളിഞ്ഞ് മഹാരാഷ്ട്രയിലെ മേൽപ്പാലം.പലാവ ഫ്ളൈ ഓവറാണ് തുറന്ന് കൊടുത്തതിന് പിന്നാലെ ടാറിങ്ങടക്കം ഇളകി മാറി അപകടകരമായ അവസ്ഥയിലായതിനെത്തുടർന്ന് അടച്ചത്. ജൂലൈ നാലിനാണ് ശിവസേന എംഎൽഎ രാജേഷ് മോറെ പാലം ഉദ്ഘാടനം ചെയ്തത്. ഉദ്ഘാടന ദിവസം തന്നെ പാലത്തിൽ തെന്നി വീണ് രണ്ട് ബൈക്ക് യാത്രികർക്ക് പരിക്കേറ്റിരുന്നു.കല്യാൺ-ഷിൽ റോഡിലാണ് സ്ഥിതി ചെയ്യുന്ന 562 മീറ്റർ നീളമുള്ള പലാവ പാലം 40 കോടി രൂപ ചെലവിലാണ് നിർമിച്ചത്. അപകടങ്ങൾ തുടർക്കഥയായതോടെയാണ് ഉദ്ഘാടനം കഴിഞ്ഞ് രണ്ടുമണിക്കൂറിനുള്ളിൽ പാലം ഉദ്യോഗസ്ഥർ അടച്ചുപൂട്ടി. സുരക്ഷാ കാരണങ്ങളാലാണ് പാലം അടച്ചതെന്ന് ഉദ്യോഗസ്ഥർ അറിയിക്കുകയും ചെയ്തു.റോഡിലെ ഗ്രിപ്പ് മെച്ചപ്പെടുത്തുന്നതിനായി നേർത്ത ചരൽ വിതറിയ ശേഷം അധികൃതർ പിന്നീട് പാലം വീണ്ടും തുറന്നു കൊടുത്തു.എന്നാൽ ഭരണകക്ഷിയായ ശിവസേന ഷിൻഡെ വിഭാഗത്തിനെതിരെ താക്കറെയുടെ നേതൃത്വത്തിലുള്ള ശിവസേനയും മഹാരാഷ്ട്ര നവനിർമ്മാൺ സേനയും ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ പ്രതിഷേധവുമായി രംഗത്തെത്തി. ഗുണനിലവാരമില്ലാത്ത ഉൽപന്നങ്ങൾകൊണ്ടാണ് പാലം നിർമാണം നടത്തിയതെന്നും തിടുക്കത്തിൽ ഉദ്ഘാടനം നടത്തുകയും ചെയ്തതാണ് പാലം തകരാൻ കാരണമെന്ന് പ്രതിപക്ഷം ആരോപിച്ചു.



കനത്തമഴയിൽ മണ്ണും ചരലും ടാറുമെല്ലാം ഒലിച്ചുപോയ പാലത്തിൻറെ ദൃശ്യങ്ങൾ മുൻ എംഎൻഎസ് എംഎൽഎ പ്രമോദ് രത്തൻ പാട്ടീൽ സോഷ്യൽമീഡിയയിൽ പങ്കുവെച്ചു. നിർമാണത്തിലെ അപാകതകളും പണികൾ പൂർത്തിയാകാതെ പാലം തുറക്കാനുള്ള തീരുമാനത്തെയും എംഎൽഎ വിമർശിച്ചു.പൊട്ടിപ്പൊളിഞ്ഞ പാലത്തിൻറെ വിഡിയോ സോഷ്യൽ മീഡിയയിൽ വൈറലായി. ഇതിന് മറുപടിയായി പാലത്തിൽ പ്രശ്നങ്ങളില്ലെന്നും അറ്റകുറ്റ പണികൾ നടത്തി ഗതാഗത യോഗ്യമാക്കിയെന്നും ഷിൻഡെ വിഭാഗം അറിയിച്ചു.

പാലത്തിലൂടെ വാഹനങ്ങൾ സഞ്ചരിക്കുന്ന വിഡിയോകളും പുറത്ത് വിട്ടു. ഷിൽ ഫാട്ട - കല്യാൺ നഗരങ്ങൾക്കിടയിലെ ഗതാഗതക്കുരുക്ക് കുറക്കുക എന്ന ലക്ഷ്യത്തോടെയായിരന്നു പദ്ധതി ആരംഭിച്ചത്. 2018 ഡിസംബറിൽ ഫ്ളൈ ഓവറിന്റെ നിർമ്മാണം ആരംഭിച്ചത്.

## കേരള സിലബസ് വിദ്യാർത്ഥികൾക്ക് കീമിൽ പ്രതിസന്ധി

തിരുവനന്തപുരം: കീമിന്റെ പുതിയ റാങ്ക് പട്ടികയിൽ, ഏറെ പിന്നിലായതോടെ കേരള സ്റ്റേറ്റ് സിലബസ് വിദ്യാർത്ഥികൾ നേരിടുന്നത് കടുത്ത പ്രതിസന്ധി. പലർക്കും പ്രതീക്ഷിച്ച കോളേജുകളിലും പ്രോഗ്രാമുകളിലും അവസരം ലഭിക്കില്ല. രക്ഷിതാക്കളും കടുത്ത മാനസിക പ്രയാസത്തിലൂടെയാണ് കടന്നു പോകുന്നത്. പുതുക്കിയ റാങ്ക് ലിസ്റ്റ് സ്വാഗതം ചെയ്ത സിബി എസ് സി വിഭാഗം വിദ്യാർത്ഥികൾ വരും വർഷങ്ങളിലും ഈ രീതി തുടരണമെന്ന് ആവശ്യപ്പെട്ടു.

അലോട്ടമെന്റ് നടപടികൾ തുടങ്ങുന്നതിന് തൊട്ടുമുമ്പുള്ള കോടതി ഉത്തരവുകളും റാങ്ക് ലിസ്റ്റിലെ അടിമുടി മാറ്റങ്ങളും പെരുവഴിലാക്കുമോയെന്ന കടുത്ത ആശങ്കയിലാണ് കേരള സിലബസ് വിദ്യാർത്ഥികൾ. റദ്ദാക്കിയ റാങ്ക് ലിസ്റ്റിലെ ആദ്യ പത്തിൽ അഞ്ചു പേരും ആദ്യ നൂറിൽ നാൽപത്തഞ്ച് പേരും കേരള സിലബസുകാർ ആയിരുന്നു. എന്നാൽ ഇന്നലെ രാത്രി പ്രസിദ്ധീകരിച്ച ലിസ്റ്റിലെ ആദ്യ നൂറിൽ ഉൾപ്പെട്ടത് കേരള സിലബസിലെ 21 പേർ മാത്രം. റാങ്ക് പട്ടികയിൽ മുന്നിലുണ്ടായിരുന്ന ഭൂരിഭാഗം പേരും ബഹുദൂരം പിന്നോട്ട് പോയി. ആദ്യ പട്ടികയിൽ എട്ടാമതായിരുന്ന വിദ്യാർത്ഥി രണ്ടാം പട്ടികയിൽ 185ാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു.

നേരത്തെയുള്ള റാങ്ക് കണക്കുകൂട്ടി, പ്രതീക്ഷ വെച്ച കോളേജുകളും പ്രോഗ്രാമുകളും ലഭിക്കില്ലന്ന പ്രതിസന്ധിയിലാണ് വിദ്യാർത്ഥികൾ. രക്ഷിതാക്കളും കടുത്ത മാനസിക സമ്മർദ്ദത്തിലാണ്. മാർക്ക് ഏകീകരണരീതി മാറ്റുന്നതിനെതിരെ കോടതിയെ സമീപിച്ച സിബിഎസ് സി വിഭാഗം വിദ്യാർത്ഥികൾക്ക് വലിയ മുൻതൂക്കം ലഭിക്കുന്നതാണ് പുതുക്കിയ റാങ്ക് ലിസ്റ്റ്. അടുത്ത വർഷങ്ങളിലും ഇതേ രീതി തുടരണമെന്നാണ് സിബിഎസ് സി വിദ്യാർത്ഥികൾ ആവശ്യപ്പെടുന്നത്. ഓഗസ്റ്റ് 14 ന് മുമ്പ് പ്രവേശന നടപടികൾ പൂർത്തിയാക്കണമെന്നാണ് അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ നിർദേശം. ഇതിന് കൂടി സർക്കാരിന് കഴിഞ്ഞില്ലെങ്കിൽ പ്രശ്നം കൂടുതൽ വഷളാകും.

എന്നാൽ കേരള സിലബസ് വിദ്യാർത്ഥികളുടെ ആശങ്ക പരിഗണിക്കുന്നതിൽ കൈമലർത്തുകയാണ് സർക്കാർ. കോടതി വിധി ചൂണ്ടിക്കാട്ടിയും മാധ്യമങ്ങളെ പഴിച്ചുമാണ് സർക്കാർ പ്രവേശന നടപടികളുമായി മുന്നോട്ട് പോകുന്നത്. ഇത് ഇന്ന് തന്നെ തുടങ്ങാനാണ് തീരുമാനം. മന്ത്രി സഭാ യോഗത്തിൽ ഉയർന്ന സംശയങ്ങളും വിദഗ്ധസമിതിയുടെ ശുപാർശയും തള്ളി പുതിയ ഫോർമുല ഈ വർഷം തിരക്കിട്ട് നടപ്പാക്കാൻ ശ്രമിച്ചതാണ് ഇപ്പോഴത്തെ പ്രതിസന്ധിക്കുള്ള കാരണം.

മാർക്ക് ഏകീകരണത്തിൽ കേരള സിലബസുകാർ പിന്നിൽ പോകുന്നുവെന്ന പരാതി തീർക്കാനാണ് പുതിയ ഫോർമുല നടപ്പാക്കിയത്. പക്ഷെ നടപ്പാക്കിയ രീതിയാണ് എല്ലാം കുളമാക്കിയത്. ഈ വർഷം മാറ്റം കൊണ്ടുവരുന്നത് അപ്രായോഗികമെന്ന് ജൂൺ രണ്ടിന് വിദഗ്ധ സമിതി റിപ്പോർട്ട് നൽകിയിരുന്നു. ജൂൺ 30 ന് ചേർന്ന പ്രത്യേക മന്ത്രിസഭാ യോഗത്തിലും ഇത്തവണ മാറ്റം വേണോ എന്ന് ചില മന്ത്രിമാർ സംശയം ഉന്നയിച്ചു. നിയമമന്ത്രിയും കൃഷി മന്ത്രിയുമടക്കം ഇക്കാര്യം ഉന്നയിച്ചു. കേരള സിലബസുകാരുടെ പ്രശ്നം കണക്കിലെടുക്കണമെന്നായിരുന്നു ഭൂരിഭാഗം മന്ത്രിമാരുടെ അഭിപ്രായം. ഇതിനൊടുവിലായിരുന്നു മന്ത്രിസഭ ഈ മാറ്റത്തിന് അംഗീകാരം നൽകിയത്.

ആർക്ക് വേണ്ടിയാണോ മാറ്റം കൊണ്ടുവന്നത്, അവർക്ക് തന്നെ സർക്കാറിന്റെ തിടുക്കം പാരയായി മാറുന്നതാണ് പിന്നീട് കണ്ടത്. കോടതിയിൽ നിന്ന് തിരിച്ചടി കിട്ടിയതോടെ സർക്കാർ പിൻവാങ്ങി കൈമലർത്തി. വിദഗ്ധസമിതി ശുപാർശയെ കുറിച്ചുള്ള ചോദ്യങ്ങൾക്കൊന്നും ഉന്നത വിദ്യാഭ്യാസമന്ത്രി മറുപടി നൽകുന്നില്ല. പഴയ ലിസ്റ്റിലെ ഒന്നാം റാങ്ക് തന്നെ മാറി. എട്ടാം റാങ്ക് കാരൻ 185 ലേക്ക് വീണതും പഴയ ഫോർമുലയിൽ പ്രശ്നമുണ്ടെന്ന് അടിവരയിടുന്നു. എന്നാൽ പ്രതിഷേധം ഉയരുമ്പോഴും പരാതിപ്പട്ടികയുമായി തന്നെ മുന്നോട്ട് പോകുന്നു സർക്കാർ. കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉടൻ ഓപ്ഷൻ ക്ഷണിക്കാനാണ് തീരുമാനം.

## ശ്വാസം മുട്ടുന്നുണ്ടെങ്കിൽ രാജിവയ്ക്കൂ: തരൂരിനെതിരെ മുരളീധരൻ

കോഴിക്കോട്: ശശി തരൂർ എംപിക്കെതിരെ വിമർശനവുമായി കോൺഗ്രസ് നേതാവ് കെ മുരളീധരൻ. തരൂർ പിണറായി വിജയനേയും നരേന്ദ്രമോദിയേയും സ്തുതിക്കുകയാണ്. കോൺഗ്രസ് നേതാക്കളെ ഒഴികെ എല്ലാവരെയും അദ്ദേഹം സ്തുതിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ലക്ഷ്യമെന്താണെന്ന് അദ്ദേഹത്തിനേ അറിയൂ. ശശി തരൂരിന് മുന്നിൽ രണ്ടു വഴികളുണ്ട്. ഒന്ന് പാർട്ടിക്ക് വിധേയനായി പ്രവർത്തിക്കുക എന്നതാണെന്ന് കെ മുരളീധരൻ പറഞ്ഞു.



തരൂർ കോൺഗ്രസ് പ്രവർത്തക സമിതി അംഗമാണ്. പാർട്ടി നിയോഗിച്ച പാർലമെന്ററി സമിതി സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനാണ്. ആ നിലയ്ക്ക് പാർലമെന്ററി പ്രവർത്തനത്തിലും പാർട്ടി പ്രവർത്തനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് മുന്നോട്ടു നീങ്ങുക. അദ്ദേഹത്തിന് അഭിപ്രായ വ്യത്യാസം ഉള്ള വിഷയങ്ങളിൽ പാർട്ടിക്ക് അകത്ത് അഭിപ്രായം പറയാവുന്നതാണ്. പാർലമെന്റ് ചേരുന്ന സമയത്ത് രാവിലെ എംപിമാരുടെ യോഗം ചേരാറുണ്ട്. എല്ലാ അഭിപ്രായങ്ങളും എപ്പോഴും സ്വീകരിച്ചുകൊള്ളണമെന്നില്ല. കെ മുരളീധരൻ വ്യക്തമാക്കി.

അതല്ല, അദ്ദേഹത്തിന് പാർട്ടിക്കകത്ത് ശ്വാസം മുട്ടുന്നു, ഈ പാർട്ടിയ്ക്കകത്ത് പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയാണെന്ന് തരൂരിന് തോന്നുന്നുണ്ടെങ്കിൽ പിന്നെയുള്ള മാർഗം, പാർട്ടി ഏൽപ്പിച്ച സ്ഥാനങ്ങളെല്ലാം ഉപേക്ഷിച്ച് ഇഷ്ടമുള്ള രാഷ്ട്രീയ ലൈൻ സ്വീകരിക്കുക. ഈ രണ്ടിലൊന്നല്ലാതെ, ഇപ്പോഴത്തെ മാർഗവുമായി അദ്ദേഹം മുന്നോട്ടു നീങ്ങിയാൽ അതു പേഴ്സണലായിട്ടുതന്നെ അദ്ദേഹത്തിന്റെ ഐഡന്റിറ്റിയെ ബാധിക്കുന്ന വിഷയമാണ്. അത് പാർട്ടിക്കും ബുദ്ധിമുട്ടാണ്, അദ്ദേഹത്തിനും ബുദ്ധിമുട്ടാണ്. അതുകൊണ്ട് ഈ രണ്ടിലൊരു മാർഗം സ്വീകരിക്കാൻ തയ്യാറാകണമെന്നാണ് ഒരു സഹപ്രവർത്തകൻ എന്ന നിലയിൽ തരൂരിനോട് തനിക്ക് അഭ്യർത്ഥിക്കാനുള്ളതെന്ന് കെ മുരളീധരൻ പറഞ്ഞു.

തരൂരിനു വേണ്ടി രാപ്പകൽ പ്രവർത്തിച്ചവരാണ് കോൺഗ്രസിന്റെയും യുഡിഎഫിന്റെയും പ്രവർത്തകർ. തരൂർ തിരുവനന്തപുരത്ത് വിജയിച്ചത് പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടേയും ചുമട്ടുതൊഴിലാളികളുടേയുമൊക്കെ വോട്ടു കൊണ്ടാണ്. അത് അദ്ദേഹം മനസ്സിലാക്കണം. തരൂർ ജയിക്കാൻ കാരണം അദ്ദേഹം കോൺഗ്രസുകാരനായതുകൊണ്ടാണ്. തരൂരിന്റെ മുഖം പോലും കാണാതെ രാഹുൽ ഗാന്ധി പ്രധാനമന്ത്രിയാകണമെന്ന് ആഗ്രഹിക്കുന്ന ജനങ്ങളാണ് അദ്ദേഹത്തിന് വോട്ടു ചെയ്തത്. അദ്ദേഹത്തിന്റെ ഇപ്പോഴത്തെ നിലപാട് തിരുത്തി, ഞങ്ങളോടൊപ്പം ഞങ്ങളെ നയിക്കുന്ന നേതാവായി തിരിച്ചുവരണം. തരൂരിനെ ഇപ്പോൾ നാട്ടിൽത്തന്നെ കാണാനില്ലെന്നും കെ മുരളീധരൻ പറഞ്ഞു.

കേരളത്തിലെ സർവകലാശാലകൾ കലാപഭൂമികളായി മാറിയിരിക്കുകയാണെന്ന് കെ മുരളീധരൻ കുറ്റപ്പെടുത്തി. ഇത് ഉന്നത വിദ്യാഭ്യാസ രംഗത്തെ സാരമായി ബാധിച്ചിട്ടുണ്ട്. സാമ്പത്തികമായി മെച്ചപ്പെട്ട കുടുംബങ്ങളെല്ലാം വിദേശത്തേക്ക് പോകുകയാണ്. ഇത്തരത്തിൽ തുടർന്നാൽ വിദ്യാർത്ഥികളില്ലാത്ത, രക്ഷിതാക്കൾ മാത്രമുള്ള വൃദ്ധസദനമായി കേരളം മാറും. അതിനാൽ അടിയന്തര പരിഹാരം ഉണ്ടാക്കാൻ സർക്കാർ മുൻകൈയെടുക്കണം. വിസിക്കെതിരായ സമരമാണെങ്കിൽ കേരള സർവകലാശാലയിൽ മാത്രം സമരം നടത്തിയാൽ പോരേ?. ഇപ്പോൾ എല്ലാ സർവകലാശാലയിലും എസ്എഫ്ഐ സമരം നടത്തുകയാണ്. ഇത് സർക്കാരിനെതിരായ ജനവികാരം മറച്ചു വെക്കാനുള്ള നീക്കത്തിന്റെ ഭാഗമാണെന്നും കെ മുരളീധരൻ ആരോപിച്ചു.

അടിയന്തരാവസ്ഥയ്ക്കെതിരെ ലേഖനമെഴുതിയ ശശി തരൂരിനെതിരെ കോൺഗ്രസിൽ പ്രതിഷേധം രൂക്ഷമാവുന്നു. 'പൊന്നു കായ്ക്കുന്ന മരമാണെങ്കിലും പുരയ്ക്ക് മുകളിലേക്ക് ചാഞ്ഞാൽ വെട്ടികളയുകയേ നിവൃത്തിയുള്ളു' എന്ന് മുതിർന്ന കോൺ?ഗ്രസ് നേതാവ് കെ സി ജോസഫ് എക്സിൽ കുറിച്ചു. ഇന്ത്യയുടെ ചരിത്രത്തിലെ ഇരുണ്ട അധ്യായമായാണ് അടിയന്തരാവസ്ഥയെ ലേഖനത്തിൽ തരൂർ വിശേഷിപ്പിച്ചത്. കർക്കശ നടപടികൾക്ക് നിർബന്ധം പിടിച്ചത് ഇന്ദിരാഗാന്ധിയാണെന്ന് അഭിപ്രായപ്പെട്ട തരൂർ, സഞ്ജയ് ഗാന്ധിയുടെ നേതൃത്വത്തിൽ കൊടുംക്രൂരതകളാണ് അരങ്ങേറിയതെന്നും ലേഖനത്തിൽ വിശദീകരിച്ചിരുന്നു.

### സുരേഷ് ഗോപിയുടെ 'പുലിപ്പല്ല്' മാലയിൽ അന്വേഷണം

തൃശ്ശൂർ: കേന്ദ്രമന്ത്രി സുരേഷ് ഗോപിക്കെതിരായ പുലിപ്പല്ല് മാല പരാതിയിൽ അന്വേഷണം തുടങ്ങി വനം വകുപ്പ്. കേസിൽ പരാതിക്കാരന് ഹാജരായി മൊഴി നൽകാൻ പട്ടിക്കാട് റേഞ്ച് ഓഫീസർ നോട്ടീസ് നൽകി. അടുത്ത 21ന് നേരിട്ട് ഹാജരായി തെളിവുകളും രേഖകളും ഹാജരാക്കാനാണ് നോട്ടീസിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

പുലിപ്പല്ലുമാല ഉപയോഗിച്ച കേസിൽ വേടൻ എന്ന ഹിരൺ ദാസ് മുരളിക്കെതിരെ കേസെടുത്തതിന് പിന്നാലെയാണ് കേന്ദ്രസഹമന്ത്രിയും നടനുമായ സുരേഷ് ഗോപിക്കെതിരെ ഇത്തരത്തിൽ ഒരു പരാതി ഉയർന്നത്. സുരേഷ് ഗോപി കഴുത്തിൽ ധരിച്ചത് പുലിപ്പല്ല് കെട്ടിയ മാലയാണ് എന്ന് കാണിച്ചാണ് പരാതി നൽകിയത്.

## ഒറിജിനലിനെ വെല്ലും വ്യാജൻ; 5,000ലധികം വ്യാജ കഫ് സിറപ്പ് കുപ്പികളുമായി യുവാവ് പിടിയിൽ

ലഖ്നൗ: ലഖ്നൗവിൽ 5000ധികം വ്യാജ ചുമ സിറപ്പുമായി യുവാവ് അറസ്റ്റിൽ. സിറപ്പിൽ നിരോധിത മയക്കമരുന്നുകൾ കലർത്തിയിരുന്നതായി സെൻട്രൽ ബ്യൂറോ ഓഫ് നാർക്കോട്ടിക് ഉദ്യോഗസ്ഥർ അറിയിച്ചു. അനധികൃത മയക്കുമരുന്ന് വ്യാപാരത്തിനെതിരെയുള്ള കർശന നടപടിയുടെ ഭാഗമായിരുന്നു അറസ്റ്റെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഉദ്യോഗസ്ഥർ യുവാവിൻറെ വീട്ടിൽ റെയ്ഡ് നടത്തിയത്. വീട്ടിൽ നിന്ന് 5,353 കുപ്പി കഫ് സിറപ്പ് കണ്ടെടുത്തതായി ഡെപ്യൂട്ടി നാർക്കോട്ടിക് കമ്മീഷണർ പ്രവീൺ ബാലി പിടിഐയോട് പറഞ്ഞു.പ്രശസ്ത കമ്പനികളുടെ വ്യാജ ലേബലുകൾ ഒട്ടിച്ച് കൊഡീൻ സിറപ്പ് എന്ന് പേരിലായിരുന്നു കഫ് സിറപ്പുകളുണ്ടായിരുന്നതെന്നും അദ്ദേഹം പറഞ്ഞു.

മരുന്നുകൾ സൂക്ഷിക്കുന്നതിനോ വിൽക്കുന്നതിനോ നിയമപരമായ രേഖകളോ ലൈസൻസോ പ്രതിയുടെ കൈവശമുണ്ടായിരുന്നില്ല. 1985 ലെ എൻഡിപിഎസ് ആക്ട് പ്രകാരമാണ് നടപടിയെടുത്തതെന്നും പ്രവീൺ ബാലി പറഞ്ഞു.

ലഖ്നൗവിലെ നിയമവിരുദ്ധ മയക്കുമരുന്ന് വ്യാപാരത്തിൽ ഉൾപ്പെട്ടിരിക്കുന്ന ശൃംഖലയെ കണ്ടെത്തുന്നതിന് കൂടുതൽ അന്വേഷണം നടന്നുവരികയാണെന്നും ഉദ്യോഗസ്ഥർ കൂട്ടിച്ചേർത്തു.


## കോഴിക്കോട് ജില്ലാ കോടതി വളപ്പിൽ മാവോയിസ്റ്റ് അനുകൂല പോസ്റ്റർ; അന്വേഷണം ആരംഭിച്ച് പൊലീസ്

കോഴിക്കോട്: കോടതി വളപ്പിൽ മാവോയിസ്റ്റ് അനുകൂല പോസ്റ്റർ. കോഴിക്കോട് ജില്ലാ കോടതി വളപ്പിലാണ് മാവോയിസ്റ്റ് അനുകൂല പോസ്റ്റർ പ്രത്യക്ഷപ്പെട്ടത്. വക്കീൽ ഗുമസ്തരുടെ കെട്ടിടത്തിനോട് ചേർന്നാണ് പോസ്റ്റർ പ്രത്യക്ഷപ്പെട്ടത്. മാവോയിസ്റ്റുകളുമായി സമാധാന ചർച്ചയ്ക്ക് തയ്യാറാകണമെന്നാണ് പോസ്റ്ററിലെ പ്രധാന ആവശ്യം. വെടിനിർത്തൽ പ്രഖ്യാപിക്കുക, ഓപ്പറേഷൻ കഗാർ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളും പോസ്റ്ററിൽ ഉന്നയിച്ചിട്ടുണ്ട്.

ജൂൺ 21 കോഴിക്കോട് കൈരളി തീയേറ്റർ വേദി ഹാളിൽ നടന്ന പ്രതിരോധ കൺവെൻഷൻ പരിപാടിയുടെ പോസ്റ്ററാണ് കോടതി വളപ്പിൽ പതിച്ചിരിക്കുന്നത്.

പോസ്റ്റർ പതിച്ച സംഭവത്തിൽ കോഴിക്കോട് ടൗൺ പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

പോസ്റ്ററിൽ സംഘടനകളുടെ പേരുകളൊന്നും അച്ചടിച്ചിട്ടില്ല. ഏതാനും ദിവസം മുമ്പ് മാത്രം പതിച്ചതാണ് ഈ പോസ്റ്ററുകൾ എന്നാണ് പൊലീസിന്റെ നിഗമനം.



## അധ്യാപക നിയമനം

കോഴിക്കോട് ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൽ ബോട്ടണി വിഭാഗത്തിൽ അതിഥി അധ്യാപകരെ നിയമിക്കും. 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദമുള്ള, നെറ്റ് പാസായ, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിന്റെ അതിഥി അധ്യാപക പാനലിൽ ഉൾപ്പെട്ടവർക്ക് അപേക്ഷിക്കാം. ജൂലൈ 14ന് രാവിലെ 10ന് സർട്ടിഫിക്കറ്റുകളുടെ അസ്സൽ, പകർപ്പ് എന്നിവ സഹിതം അഭിമുഖത്തിനെത്തണം. ഫോൺ: 0495 2320694.

## എംബിഎ സ്പോട്ട് അഡ്മിഷൻ

കോഴിക്കോട്; കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) 2025-27 എംബിഎ ബാച്ചിലേക്ക് എസ്സി/എസ്ടി/ഒഇസി വിഭാഗങ്ങൾക്കായി സംവരണം ചെയ്തതിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 14ന് രാവിലെ പത്ത് മുതൽ സ്പോട്ട് അഡ്മിഷൻ നടത്തും. അസൽ രേഖകൾ സഹിതം എത്തണം. ഫോൺ: 8547618290, 9188001600. കൂടുതൽ വിവരങ്ങൾ ഠഠഠ.സശരാമ.മര.ശി ൽ ലഭിക്കും.

## ടെണ്ടർ ക്ഷണിച്ചു

പന്തലായനി ശിശുവികസന പദ്ധതി കാര്യാലയത്തിന് കീഴിലെ അരിക്കുളം, അത്തോളി, ചേമഞ്ചേരി, മൂടാടി പഞ്ചായത്തുകളിലെ 116 അങ്കണവാടികളിൽ ആഴ്ചയിൽ മൂന്ന് ദിവസം പാൽ, മുട്ട എന്നിവ വിതരണം ചെയ്യാൻ ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ ജൂലൈ 23ന് ഉച്ചക്ക് രണ്ട് മണിക്കകം അതത് പഞ്ചായത്ത് സൂപ്പർവൈസർമാർക്ക് സമർപ്പിക്കണം. ഫോൺ: 8281999297.

# നാദാപുരത്ത് ഇനി അത്യാധുനിക സൗകര്യങ്ങളോടെ ബസ്സ്റ്റാൻഡും ഷോപ്പിങ് കോംപ്ലക്സും

നാദാപുരം: അത്യാധുനിക സൗകര്യങ്ങളോടെ പുതിയ ബസ്സ്റ്റാൻഡും ഷോപ്പിങ് കോംപ്ലക്സും ഒരുക്കും. 21 ബസുകൾക്ക് പാർക്കിങ് സൗകര്യത്തോടെയുള്ള ബേസ്മെന്റ്, ബസ്ബേ, വെയിറ്റിങ് ഏരിയ, സാനിറ്റേഷൻ കോംപ്ലക്സ്, ലൈബ്രറി ഹാൾ, 200 പേർക്കിരിക്കാവുന്ന ശീതീകരിച്ച മിനി കോൺഫറസ് ഹാൾ, കടമുറികൾ, ലിഫ്റ്റ് എന്നിവയാണ് പദ്ധതിയുടെ ഭാഗമായി ഒരുക്കുക. കെട്ടിടത്തിന്റെ നിർമിതി പൂർണമായും പരിസ്ഥിതി സൗഹൃദമായിരിക്കും. സ്റ്റീൽ പ്രീ ഫാബ് സ്ട്രക്ചറിലാകും ഷോപ്പിങ് കോംപ്ലക്സ് നിർമാണം.

കാലപ്പഴക്കത്താൽ ജീർണിച്ച ബസ്സ്റ്റാൻഡ് കെട്ടിടം പൊളിച്ചുമാറ്റണമെന്ന് 2023ൽ കോഴിക്കോട് ഗവ. എഞ്ചിനീയറിങ് കോളേജിലെ സ്ട്രക്ചറൽ വിഭാഗം നിർദേശിച്ചതിനെ തുടർന്നാണ് ഗ്രാമപഞ്ചായത്ത് പുതിയ കെട്ടിടവും ബസ്ബേയും നിർമിക്കാൻ തീരുമാനിച്ചത്. സർക്കാർ അനുമതി ലഭിച്ചതോടെ 2024 ആഗസ്റ്റ് 28ന് നിലവിലെ കെട്ടിടം പൊളിക്കൽ ആരംഭിച്ചു. ഇതോടെ കച്ചവടക്കാരും നാട്ടുകാരും ഒരുപോലെ ബുദ്ധിമുട്ടിലായിരുന്നു. സ്കൂൾ കുട്ടികൾ മുതൽ പ്രായമായവർ വരെ ഇരിപ്പിടമില്ലാതെ ബസ് കാത്തുനിൽക്കേണ്ട സ്ഥിതിയായിരുന്നു.

പുതിയ ബസ്സ്റ്റാൻഡ് പദ്ധതിക്ക് 2025 മാർച്ച് 5നാണ് 13.76 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിച്ചത്. ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രവൃത്തി ഉദ്ഘാടനം ജൂലൈ 28ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് നിർവഹിക്കുമെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി വി മുഹമ്മദലി അറിയിച്ചു. ബസ്സ്റ്റാൻഡ് യാഥാർഥ്യമാക്കാൻ 501 അംഗ കമ്മിറ്റിയും രൂപീകരിച്ചു.

സ്വാഗതസംഘ രൂപീകരണയോഗം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അഖില മര്യാട്ട് അധ്യക്ഷത വഹിച്ചു. ആദ്യഘട്ട പ്രവർത്തനങ്ങൾ വിലയിരുത്താൻ പ്രാദേശിക സ്വാഗതസംഘം യോഗം ജൂലൈ 15ന് നാദാപുരം ഗവ. യുപി സ്കൂളിൽ ചേരും.

## ഭിന്നശേഷിക്കാർക്ക് സ്കൂട്ടറുകൾ വിതരണം ചെയ്തു

കൊയിലാണ്ടി നഗരസഭ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറുകൾ വിതരണം ചെയ്തു. 13 ലക്ഷം രൂപ ചെലവിട്ട് 11 പേർക്കാണ് സ്കൂട്ടറുകൾ നൽകിയത്. നഗരസഭ ചെയർപേഴ്സൺ

സുധ കിഴക്കേപ്പാട്ട് വിതരണോദ്ഘാടനം നിർവഹിച്ചു. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ ഷിജു അധ്യക്ഷത വഹിച്ചു. സ്ഥിരം സമിതി അധ്യക്ഷരായ നിജില പറവകൊടി, കെ എ ഇന്ദിര, കൗൺസിലർമാരായ ടി ചന്ദ്രിക, കെ എം സുമതി, ഐസിഡിഎസ് സൂപ്പർവൈസർ റൂഫീല, കെ ഷബില, അനുഷ്മ എന്നിവർ സംസാരിച്ചു.

## കുടുംബശ്രീ തീരദേശ വോളണ്ടിയർ നിയമനം

കോഴിക്കോട്; കുടുംബശ്രീ ജില്ലാ മിഷൻ പരിധിയിലെ മൂടാടി തീരദേശ പഞ്ചായത്തിൽ കമ്യൂണിറ്റി വോളണ്ടിയറെ നിയമിക്കും. പഞ്ചായത്തിലെ തീരദേശ മേഖലയിൽ വസിക്കുന്നവരും ഹയർ സെക്കൻഡറി/തത്തുല്യ യോഗ്യതയും കമ്പ്യൂട്ടർ പരിജ്ഞാനവും മൂന്ന് വർഷം കുടുംബശ്രീ അംഗത്വമുള്ളവരുമാകണം. ജൂലൈ 19ന് വൈകീട്ട് അഞ്ചിനകം അപേക്ഷ ഗ്രാമപഞ്ചായത്ത് സിഡിഎസിൽ സമർപ്പിക്കണം. അപേക്ഷയുടെ മാതൃക ഗ്രാമപഞ്ചായത്ത് സിഡിഎസ്/ജില്ലാ മിഷൻ ഓഫിസിൽ ലഭിക്കും. ഫോൺ: 0495 2373066.



## ജില്ല റോൾ ബോൾ ചാമ്പ്യൻഷിപ്പ് ആഗസ്റ്റ് 9 ന്

**കോഴിക്കോട് :** ജില്ല റോൾ ബോൾ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജില്ല റോൾ ബോൾ ചാമ്പ്യൻഷിപ്പ് ആഗസ്റ്റ് 9 ന് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും. രാവിലെ 9 മുതൽ വൈകീട്ട് 6 വരെയാണ് മത്സരം.മിനി, സബ് ജൂനിയർ , ജൂനിയർ , സീനിയർ വിഭാഗത്തിൽപ്പെട്ട ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കുമാണ് അവസരം . ജില്ലാ ചാമ്പ്യൻഷിപ്പിൽ നിന്നുള്ള മികച്ച കളിക്കാരെ സംസ്ഥാന തല മത്സരത്തിൽ പങ്കെടുപ്പിക്കും. ജൂലായ് 13 ന് നടത്താൻ നേരത്തെ തീരുമാനിച്ചിരുന്നു.

ചില സാങ്കേതിക കാരണങ്ങളാൽ ദിവസം മാറ്റുകയായിരുന്നുവെന്ന് പ്രസിഡന്റ് അഡ്വ. ജി ബി ഷമിത്തും സെക്രട്ടറി ദിവേഷ് ഡി പാലേച്ചയും അറിയിച്ചു.

## നോർക്ക റൂട്ട്സ് സാന്ത്വന ധനസഹായ പദ്ധതി അദാലത്ത് 21ന് കൊയിലാണ്ടിയിൽ

**കൊച്ചി:** നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പാക്കി വരുന്ന സാന്ത്വന ധനസഹായ പദ്ധതിയുടെ അദാലത്ത് ജൂലൈ 21ന് കോഴിക്കോട് കൊയിലാണ്ടിയിൽ നടക്കും. മുനിസിപ്പൽ ടൗൺ ഹാളിൽ രാവിലെ 10 മുതൽ വൈകിട്ട് മൂന്ന് വരെ നടക്കുന്ന അദാലത്തിൽ മുൻകൂട്ടി അപേക്ഷിക്കുന്നവർക്ക് മാത്രമാകും പ്രവേശനം. താൽപര്യമുള്ളവർ ഠഠഠ. ിീൃസമൃീീ.േീൃഴ വെബ്സൈറ്റ് സന്ദർശിച്ച് ജൂലൈ 19ന് മുമ്പ് അപേക്ഷ നൽകണമെന്ന് നോർക്ക റൂട്ട്സ് കോഴിക്കോട് സെന്റർ മാനേജർ സി രവീന്ദ്രൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് +91-7012609608, 0495-2304882/85 എന്നീ നമ്പറുകളിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാം. മുമ്പ് അപേക്ഷ നൽകിയവരും നിരസിക്കപ്പെട്ടവരും വീണ്ടും അപേക്ഷിക്കേണ്ടതില്ല. ഒരാൾക്ക് ഒറ്റ സ്കീം പ്രകാരം മാത്രമേ സഹായം




അനുവദിക്കൂ. അപേക്ഷ സമർപ്പിക്കുമ്പോഴും ധനസഹായം സ്വീകരിക്കുമ്പോഴും അപേക്ഷകൻ വിദേശത്തായിരിക്കാൻ പാടില്ല. മരണാനന്തര ധനസഹായമായി ആശ്രിതർക്ക് പരമാവധി ഒരു ലക്ഷം രൂപ വരെയും ചികിത്സാ സഹായമായി പരമാവധി 50,000 രൂപയും മകളുടെ വിവാഹത്തിന് പരമാവധി 15,000 രൂപയും അംഗപരിമിത പരിഹാര ഉപകരണങ്ങൾക്ക് (കൃത്രിമ കാൽ, ഊന്നുവടി, വീൽചെയർ) പരമാവധി 10,000 രൂപയും പദ്ധതി പ്രകാരം ലഭ്യമാണ്. വാർഷിക വരുമാനം ഒന്നരലക്ഷം രൂപയിൽ താഴെയുള്ളവർക്കാണ് പദ്ധതി പ്രകാരം അപേക്ഷിക്കാൻ കഴിയുക. കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽനിന്ന്) +91-8802 012 345 (വിദേശത്തുനിന്ന്, മിസ്ഡ് കോൾ സർവീസ്) ബന്ധപ്പെടാം.

## അധ്യാപക നിയമനം

കോഴിക്കോട്; ഐഎച്ച്ആർഡിക്ക് കീഴിലെ തിരുത്തിയാട് ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളിൽ പാർട്ട് ടൈം ഫിസിക്സ് അധ്യാപകനെ നിയമിക്കും. ബയോഡാറ്റ office@thssthiruthiyad.ihrd.ac.in എന്ന മെയിലിലേക്ക് ജൂലൈ 14നകം അയക്കണം. അഭിമുഖം ജൂലൈ 15ന് ഉച്ചക്ക് രണ്ടിന് സ്കൂൾ ഓഫീസിൽ. ഫോൺ: 0495 2721070.

## ക്വട്ടേഷൻ ക്ഷണിച്ചു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജില്ലാ ജോയിന്റ് ഡയറക്ടർ ആൻഡ് ജോയിന്റ് പ്രോഗ്രാം കോഓഡിനേറ്ററുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പ്രതിമാസ വാടക നിരക്കിൽ കാർ ലഭ്യമാക്കാൻ ക്വട്ടേഷൻ ക്ഷണിച്ചു. ജൂലൈ 22ന് വൈകീട്ട് മൂന്നിനകം കോഴിക്കോട് ജോയിന്റ് പ്രോഗ്രാം കോഓഡിനേറ്ററുടെ കാര്യാലയത്തിൽ ലഭിക്കണം. ഫോൺ: 0495 2377188.

## റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു

**കോഴിക്കോട്;** ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ വകുപ്പിൽ ആയുർവേദ തെറാപ്പിസ്റ്റ് (കാറ്റഗറി നമ്പർ: 251/2024) തസ്തികയുടെ സാധ്യതാ പട്ടിക പിഎസ്സി ജില്ലാ ഓഫീസർ പ്രസിദ്ധീകരിച്ചു.

ജില്ലയിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് രണ്ട് (എസ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ്, കാറ്റഗറി നമ്പർ: 089/2024) തസ്തികയുടെ സാധ്യതാ പട്ടിക പിഎസ്സി ജില്ലാ ഓഫീസർ പ്രസിദ്ധീകരിച്ചു.

## നടപടികൾ റദ്ദാക്കി

**കോഴിക്കോട്;** ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഉർദു പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (കാറ്റഗറി നമ്പർ: 085/25) തസ്തികക്ക് യോഗ്യമായ അപേക്ഷകൾ ലഭിക്കാത്തതിനാൽ ഇതിലെ തെരഞ്ഞെടുപ്പ് നടപടികൾ റദ്ദാക്കിയതായി പിഎസ്സി ജില്ലാ ഓഫീസർ അറിയിച്ചു.

# മിൽമ ഉത്പ്പന്നങ്ങളുമായി 'മിലി കാർട്ട്' ഇനി കൈയെത്തും ദൂരത്ത്



മിൽമ മിലി കാർട്ടിന്റെ ഫ്ളാഗ് ഓഫ് മിൽമ ചെയർമാൻ കെ.എസ്. മണി നിർവ്വഹിക്കുന്നു.

**കോഴിക്കോട്:** മിൽമ ഉത്പ്പന്നങ്ങളുമായി മിലി കാർട്ട് ഇനി കൈയ്യെത്തും ദൂരത്ത് . മിൽമ ഐസ്ക്രീമുകളും ഉത്പ്പന്നങ്ങളും ഇനി നിങ്ങളെ തേടിവരും. പൊതുമേഖലാ സ്ഥാപനമായ കേരള ഓട്ടോമോബൈൽസ് ലിമിറ്റഡ് മിൽമക്കായി പ്രത്യേകം രൂപകത്പ്പന ചെയ്ത് നിർമ്മിച്ചതാണ് ഫ്രീസറും ഉൾപ്പെടുന്ന മിൽമ മിലി കാർട്ട് എന്ന ഇലക്ട്രിക് വാഹനം. ബീച്ചുകൾ, ഇതര വിനോദ സഞ്ചാര കേന്ദ്രങ്ങൾ പ്രധാന കവലകൾ എന്നിവിടങ്ങളിൽ മിൽമ ഐസ്ക്രീം ലഭ്യമാക്കുക എന്ന ലക്ഷ്യം വച്ചാണ് മിലി കാർട്ടുകൾ പുറത്തിറക്കിയിരിക്കുന്നത്. ഇതര മിൽമ ഉത്പ്പന്നങ്ങൾ കൂടി മിലി കാർട്ട് വഴി വിപണനം നടത്തുന്ന സാധ്യതയും പരിശോധിക്കുന്നുണ്ട്. മലബാറിലെ അഞ്ചു ജില്ലകളിലേക്കായി 10 മിൽമ മിലി കാർട്ടുകളാണ് ഇന്നലെ പുറത്തിറക്കിയത്. നടുവട്ടത്തെ സെൻട്രൽ പ്രൊഡക്ട്സ് ഡെയറിയിൽ നടന്ന ചടങ്ങിൽ മിൽമ ചെയർമാൻ കെ.എസ്. മണി ഫ്ളാഗ് ഓഫും താക്കോൽദാന കർമ്മവും നിർവ്വഹിച്ചു. കേരളത്തിലെ മിൽമയുടെ മൂന്നു മേഖലാ യൂണിയനുകൾക്കായി 30 മിലി കാർട്ടുകളാണ് റോഡിലിറക്കിയത്. ഇവയുടെ പ്രവർത്തന മികവ് വിലയിരുത്തി 70 മിലി കാർട്ടുകൾ കൂടി വിപണിയിലിറക്കുന്ന കാര്യം പരിഗണനയിലാണ്. കേരളത്തിലെ ഓരോ ഗ്രാമ പഞ്ചായത്തിലും ഒരു മിൽമ മിലി കാർട്ട് എന്നതാണ് ലക്ഷ്യമെന്നും കെ.എസ് മണി പറഞ്ഞു. മിൽമ ഉത്പ്പന്നങ്ങൾക്ക് വിദേശങ്ങളിലും പ്രിയമേറുകയാണ്. മിൽമ പാൽപ്പൊടി ലുലു ഗ്രൂപ്പുമായി സഹകരിച്ച് ഗൾഫ് രാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്നു. 35 ടണ്ണിനാണ് ഓർഡർ ലഭിച്ചിരിക്കുന്നത്. മിൽമ യുഎച്ച്ടി മിൽക്കും ജ്യൂസുകളും മാലി ദ്വീപിലേക്കും കയറ്റി അയക്കുന്നുണ്ട്. ഇൻസ്റ്റ മാർട്ട് വഴിയുള്ള മിൽമ ഉത്പ്പന്നങ്ങളുടെ ഓൺ ലൈൻ വിപണനത്തിലും നല്ല മുന്നേറ്റമാണുള്ളത്. ചെന്നൈ, മുബൈ, ബംഗളൂരു എന്നീ നഗരങ്ങളിലും ഇൻസ്റ്റ മാർട്ട് വഴി മിൽമ ഉത്പ്പന്നങ്ങൾ വൈകാതെ വീടുകളിൽ ലഭ്യമാകുമെന്നും മിൽമ ചെയർമാൻ പറഞ്ഞു.

ചടങ്ങിൽ മലബാർ മിൽമ മാനേജിംഗ് ഡയറക്ടർ കെ.സി. ജെയിംസ് അധ്യക്ഷത വഹിച്ചു. കോഴിക്കോട് ഡെയറി സീനിയർ മാനേജർ ആർ.എസ്. വിനോദ് കുമാർ സംസാരിച്ചു. മാർക്കറ്റിംഗ് മാനേജർ പി.ആർ. സന്തോഷ് സ്വാഗതവും കോഴിക്കോട് ഡെയറി മാർക്കറ്റിംഗ് ഓർഗനൈസർ ശരത്ചന്ദ്രൻ നന്ദിയും പറഞ്ഞു. ചടങ്ങിനു ശേഷം കോഴിക്കോട് നഗരത്തിൽ മിൽമ മിലി കാർട്ടുകൾ അണി നിരന്ന റോഡ് ഷോയും നടന്നു.

# വിവരാവകാശ സൗഹൃദ കലക്ടറേറ്റ്: ക്യാമ്പയിന് സംഘാടക സമിതി രൂപീകരിച്ചു

**കോഴിക്കോട്;** കോഴിക്കോട് കലക്ടറേറ്റിലെ എല്ലാ ഓഫീസുകളെയും വിവരാവകാശ സൗഹൃദമാക്കി മാറ്റുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് സംഘാടക സമിതി രൂപീകരിച്ചു. സംസ്ഥാന വിവരാവകാശ കമീഷണർ അഡ്വ. ടി കെ രാമകൃഷ്ണൻ രക്ഷാധികാരിയും ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് ചെയർമാനും എഡിഎം പി സുരേഷ് നോഡൽ ഓഫീസറുമായാണ് സംഘാടക സമിതി.

വിവരാവകാശ നിയമം പാർലമെന്റ് പാസാക്കിയ ജൂൺ 15 മുതൽ നിയമം പൂർണമായി നിലവിൽവന്ന ഒക്ടോബർ 12 വരെയുള്ള ക്യാമ്പയിൻ കാലയളവിൽ, വിവരാവകാശ നിയമത്തെ കുറിച്ച് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും അവബോധമുണ്ടാക്കുകയും സിവിൽ സ്റ്റേഷനിലെ മുഴുവൻ ഓഫീസുകളെയും വിവരാവകാശ സൗഹൃദ ഓഫീസാക്കി മാറ്റുകയുമാണ് ലക്ഷ്യമെന്ന് സംസ്ഥാന വിവരാവകാശ കമീഷണർ അഡ്വ. ടി കെ രാമകൃഷ്ണൻ പറഞ്ഞു.

ക്യാമ്പയിന്റെ ഭാഗമായി ജൂലൈ 14ന് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട്

സെമിനാർ സംഘടിപ്പിക്കും. രാവിലെ വകുപ്പ് മേധാവികൾക്കും ഉച്ചക്ക് ശേഷം പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ, അപ്പീൽ അധികാരികൾ എന്നിവർക്കുമായാണ് സെമിനാർ നടത്തുക. ഒക്ടോബർ 12ന് വിവരാവകാശ സൗഹൃദ കലക്ടറേറ്റ് പ്രഖ്യാപനവും നടത്തും.വിവരാവകാശ നിയമപ്രകാരം എല്ലാ ഓഫീസുകളിലെയും വിവരങ്ങൾ ക്രോഡീകരിച്ച് കാറ്റലോഗ് ചെയ്ത് കമ്പ്യൂട്ടറിലൂടെ ലഭ്യമാക്കാനുള്ള നടപടികൾ, എല്ലാ ഓഫീസുകളിലും വിവരാവകാശവുമായി ബന്ധപ്പെട്ട ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന പരിശോധന, ഓഫീസ് വെബ്സൈറ്റിലെ വിവരങ്ങൾ കാലികമാക്കുന്നത് ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ ക്യാമ്പയിൻ കാലയളവിൽ നടത്തും.

കലക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ സംസ്ഥാന വിവരാവകാശ കമീഷണർ അഡ്വ. ടി കെ രാമകൃഷ്ണൻ, ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ്, എഡിഎം പി സുരേഷ്, സബ് കലക്ടർ ഹർഷിൽ ആർ മീണ, ജില്ല ഇൻഫർമേഷൻ ഓഫീസർ സി പി അബ്ദുൽ കരീം, ജില്ല ലോ ഓഫീസർ സി കെ ഫൈസൽ, വിവിധ വകുപ്പ് മേധാവികൾ എന്നിവർ പങ്കെടുത്തു.

# ഡോ. പി. കെ. വാരിയരുടെ നാലാം ചരമവാർഷിക ദിനാചരണം

**കോട്ടയ്ക്കൽ:** കോട്ടയ്ക്കൽ ആര്യവൈദ്യശാല മുൻ മാനേജിങ്ട്രസ്റ്റി ഡോ.പി.കെ. വാരിയരുടെ നാലാം ചരമവാർഷിക ദിനാചരണം പാണക്കാട് റഷീദലി തങ്ങൾ ഉദ്ഘാടനം ചെയ്തു.ആയുർവേദ ചികിത്സ എന്തെന്നു ലോകത്തിനു കാണിച്ചുകൊടുത്ത മഹാനുഭാവനാണ് വാരിയരെന്നു തങ്ങൾ പറഞ്ഞു. മാനേജിങ്ട്രസ്റ്റി ഡോ. പി.എം. വാരിയർ അധ്യക്ഷത വഹിച്ചു. ആയുർവേദത്തിൽ അവസാന വാക്കാണ് അദ്ദേഹമെന്നു പി.എം.വാരിയർ അഭിപ്രായപ്പെട്ടു.

ഡോ.കെ.ജി.പൗലോസ് മുഖ്യപ്രഭാഷണം നടത്തി. സ്ഥാപകൻ വൈദ്യരത്നം പി.എസ്.വാരിയരുടെ ദീർഘവീക്ഷണമാണ് പി.കെ.വാരിയർ നടപ്പാക്കിയതെന്നു അദ്ദേഹം പറഞ്ഞു. സിഇഒ കെ.ഹരികുമാർ, ട്രസ്റ്റിയും നഞ്ചൻകോഡ് ഫാക്ടറി മാനേജരുമായ കെ.ആർ.അജയ് എന്നിവർ



പ്രസംഗിച്ചു. വാരിയരുടെ മകൾ സുഭദ്ര രാമചന്ദ്രൻ ദീപം തെളിച്ചതോടെയാണ് സമ്മേളനത്തിനു തുടക്കമായത്. ചീഫ് മെഡിക്കൽ ഓഫിസർ ഡോ. കെ.വി.രാജഗോപാലൻ പ്രാർഥന ചൊല്ലി. കോട്ടൂരിലെ നിർധന കുടുംബത്തിനു വീടു നിർമിക്കുന്നതിനു ആര്യവൈദ്യശാല നൽകുന്ന സഹായധനം വീടു നിർമാണത്തിനായി സ്ഥലം വിട്ടു നൽകിയ പി.അജിതകുമാരിക്കുമാനേജിങ് ട്രസ്റ്റി ഡോ. പി.എം.വാരിയർ കൈമാറി.

# കേരള സർവകലാശാല സിൻഡിക്കേറ്റിലെ ബിജെപി അംഗങ്ങൾ ഹൈക്കോടതിയിലേക്ക്

**തിരുവനന്തപുരം:** കേരള സർവകലാശാല സിൻഡിക്കേറ്റിലെ ബിജെപി അംഗങ്ങൾ ഹൈക്കോടതിയിലേക്ക്. സർവകലാശാലയുടെ പ്രവർത്തനം സാധാരണ നിലയിലാക്കണമെന്ന് ആവശ്യപ്പെട്ടാണ് കോടതിയെ സമീപിക്കുന്നത്. സസ്പെൻഷനിലുള്ള റജിസ്ട്രാർ അനധികൃതമായി

ഓഫീസിൽ പ്രവേശിച്ചെന്നും രേഖകൾ കടത്തിക്കൊണ്ടുപോകാൻ സാധ്യതയുണ്ടെന്നും ബിജെപി അംഗങ്ങൾ ആരോപിക്കുന്നു. സംസ്ഥാന പൊലീസ് പരാജയപ്പെട്ടതിനാൽ കേന്ദ്രസേനയുടെ സുരക്ഷ വേണമെന്നും ആവശ്യപ്പെടുന്നു. ഹർജി ഇന്ന് സമർപ്പിക്കുമെന്ന് സിൻഡിക്കേറ്റ് അംഗങ്ങൾ അറിയിച്ചു.

അതേസമയം കേരള സർവകലാശാലയിൽ വിസിയും റജിസ്ട്രാറും തമ്മിലുള്ള തർക്കം തുടരുകയാണ്. റജിസ്ട്രാർ കെ എസ് അനിൽ കുമാർ ഓഫീസിലേക്ക് പ്രവേശിക്കരുതെന്ന വിസിയുടെ ഉത്തരവ് ഇന്നലെ നടപ്പായിരുന്നില്ല. റജിസ്ട്രാർക്ക് ഇ-ഫയലുകൾ നൽകരുതെന്ന വിസിയുടെ രണ്ടാം നിർദേശവും നടപ്പായില്ല.

അനിൽ കുമാർ ഒപ്പിടുന്ന ഫയലുകൾ തനിക്ക് അയക്കേണ്ട എന്നാണ് വിസി മോഹൻ കുന്നുമലിൻറെ നിലപാട്. റജിസ്ട്രാർ അയക്കുന്ന ഫയലുകൾ മാറ്റിവെക്കാനും അടിയന്തരാവശ്യമുള്ള ഫയലുകൾ തനിക്ക് നേരിട്ട് അയക്കാനും ജോയിൻറ് റജിസ്ട്രാർക്ക് വിസി നിർദേശം നൽകി. വിസിയുടെ രണ്ട് നിർദേശവും നടപ്പാക്കാത്തതിന് പിന്നാലെയാണ് മൂന്നാം നിർദേശം.

കാവിക്കൊടിയേന്തിയ ഭാരതാംബയുടെ ഫോട്ടോയിൽ തുടങ്ങിയ രാഷ്ട്രീയ തർക്കമാണ് കയ്യാങ്കളിയിലും അധികാര തർക്കത്തിലും എത്തി നിൽക്കുന്നത്.

സെനറ്റ് ഹാളിൽ നടത്താനിരുന്ന ഗവർണർ പങ്കെടുക്കുന്ന പരിപാടി റദ്ദാക്കിയതിനാണ് റജിസ്ട്രാർ കെ എസ് അനിൽ കുമാറിനെ വിസി മോഹനൻ കുന്നുമൽ സസ്പെൻഡ് ചെയ്തത്. സെനറ്റ് ഹാളിലെ പരിപാടി മുൻവിധിയോടെ റജിസ്ട്രാർ റദ്ദാക്കുകയായിരുന്നുവെന്നും ഗവർണറോട് അനാദരവ് കാണിച്ചെന്നും ചൂണ്ടിക്കാട്ടിയായിരുന്നു വിസിയുടെ നടപടി.

## ആൽക്കഹോളിക്സ് അനോനിമസ് 33–ാം വാർഷികാഘോഷം 13 ന്

കോഴിക്കോട്: മദ്യാസക്തിയിൽ നിന്നും വിടുതൽ നേടിയവരുടെ കൂട്ടായ്മയായ ആൽക്കഹോളിക്സ് അനോനിമസ് (എ.എ.കോഴിക്കോട്)ന്റെ 33-ാം വാർഷികാഘോഷം 13ന് ഞായർ ഉച്ചക്ക് 2.30 മുതൽ ചാലപ്പുറത്തെ ബുള്ള്യൻ ആർക്കേഡിൽ നടക്കും. വിജിലൻസ് ഡിവൈഎസ്പി കെ.കെ.ബിജു പരിപാടി ഉദ്ഘാടനം ചെയ്യും. വിവിധ മേഖലയിലെ സേവന കേന്ദ്രങ്ങളുടെ സേവകർ ആശംസകൾ നേരും. വൈകിട്ട് 6 മണി മുതൽ കലാവിരുന്ന് അരങ്ങേറും. ലോകത്താകെ 182 ലധികം രാജ്യങ്ങളിലായി 1,17,000ത്തിലധികം ഗ്രൂപ്പുകളും, 21 ലക്ഷത്തിലധികം അംഗങ്ങളുമുള്ളതായി കണക്കാക്കപ്പെടുന്ന പ്രസ്ഥാനമാണ് ആൽക്കഹോളിക്സ് അനോനിമസ്. ഇന്ത്യയിൽ 1250ലധികം എ.എ മീറ്റിംഗുകൾ നടക്കുന്നുണ്ട്.

# തെരഞ്ഞെടുപ്പ് കമ്മിഷന്റെ നടപടികൾ കുറ്റമറ്റതാവണം

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിലെ ജനാധിപത്യ രാജ്യത്തിന്റെ രക്ഷാകവചമായ തെരഞ്ഞെടുപ്പുകൾ നീതിയുക്തവും സ്വാതന്ത്രവും നിഷ്പക്ഷവുമായി നടത്താൻ ബന്ധപ്പെട്ട ഭരണഘടനാസ്ഥാപനമാണ് തെരഞ്ഞെടുപ്പ് കമ്മിഷൻ. കുറ്റമറ്റ രീതിയിൽ ജനാധിപത്യ പ്രക്രിയയും തെരഞ്ഞുടുപ്പും നടക്കുന്നതിനാൽ ലോകത്തിന് മുൻപിൽ ഓരോ ഭാരതീയനും തലയുയർത്തിനിന്ന് അഭിമാനിക്കാവുന്നതാണ് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ പ്രതിനിധിയാണ് താനെന്ന്അതുകൊണ്ട് തന്നെ തെരഞ്ഞെടുപ്പുകൾ ആക്ഷേപങ്ങൾക്ക് ഇടയില്ലാത്തവിധം നടത്തേണ്ടത് തെരഞ്ഞെടുപ്പ കമ്മിഷന്റെ ഉത്തരവാദിത്തമാണ്.

ആ ഉത്തരവാദിത്തമാണ് സമീപകാലങ്ങളിൽ ചോദ്യം ചെയ്യപ്പെടുന്നത്. രാജ്യത്തെ പ്രതിപക്ഷപാർട്ടികൾ തെരഞ്ഞെടുപ്പ് സുതാര്യമായല്ല നടത്തുന്നതെന്നും വോട്ടർപട്ടികയിലും കൃത്രിമം നടത്തി വോട്ടിങ് മെഷിനിലടക്കം കൃത്രിമം നടത്തി തെരഞ്ഞെടുപ്പുകൾ അട്ടിമറിക്കപ്പെടുകയാണെന്നും ഇതിന് കേന്ദ്രം ഭരിക്കുന്ന സർക്കാരിനെ ഇലക്ഷൻ കമ്മിഷൻ സഹായിക്കുകയുമാണെന്നാണ് ആരോപണം. മഹാരാഷ്ട്രയിലും നിയമസഭാ തെരഞ്ഞെടുപ്പ് സത്യസന്ധമായല്ല നടന്നതെന്നാണ് പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി പറഞ്ഞിട്ടുള്ളത്3. ഇക്കാര്യത്തിലദ്ദേഹം തെളിവുകളുമായി മുന്നോട്ട് വന്നിട്ടുണ്ട്. ഇപ്പോൾ ബിഹാർതെരഞ്ഞെടുപ്പ് നടക്കുന്ന പശ്ചാത്തലത്തിൽ തെരഞ്ഞെടുപ്പ് കമ്മിഷന്റെ നടപടികൾ ചോദ്യം ചെയ്ത് സുപ്രിംകോടതിയിലും കേസെത്തിയിരിക്കുകയാണ്.

ഇക്കാര്യത്തിൽ പ്രതിപക്ഷപാർട്ടികൾ സന്നദ്ധസംഘടനകൾ, എൻജിഒകൾ ഉൾപ്പെടെ നിരവധി നിരവധി പരാതികളാണ് സുപ്രിം കോടതിയിലെത്തിയിട്ടുള്ളത്.ബിഹാർ നിയമസഭാതെരഞ്ഞെടുപ്പിന് മുന്നോടിയായി അവിടെ വോട്ടർപട്ടിക പരിഷ്കരിക്കുന്നതിന് നടക്കുന്ന എസ് ഐആർ പരിശോധനക്ക് വിധേയമാക്കുമെന്ന് സുപ്രിം കോടതി വ്യക്തമാക്കിക്കഴിഞ്ഞു. ജൂൺ 24നാണ് ഇതുസംബന്ധിച്ച് വിജ്ഞാപനം തെരഞ്ഞെടുപ്പ് കമ്മിൻ ഇറക്കിയത്. ഈ പ്രക്രിയ അവിടെ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈമാസം 25വരെയാണ് വോട്ടർമാരിൽനിന്ന് അപേക്ഷ സ്വീകരിക്കുന്നത്. ഓഗസ്റ്റ് ഒന്നിന് കരട് വോട്ടർ പട്ടികയും സെപ്തംബർ 30ന് അന്തിമ വോട്ടർപട്ടികയും പ്രസിദ്ധീകരിക്കും നവംബറിലാണ് ബിഹാറിൽ നിയമസഭാ തെരഞ്ഞെടുപ്പ്. നിലവിൽ 7.5 കോടി വോട്ടർമാരാണ് വോട്ടർ പട്ടികയിലുള്ളത്. തെരഞ്ഞെടുപ്പ് കമ്മിഷന്റെ നടപടിയുടെ ഭാഗമായി വോട്ടർപട്ടികയിൽ നിന്ന് നിരവധിപേർ പുറത്തായേക്കുമെന്ന ആശങ്കയുമുണ്ട്.നവംബറിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ ധൃതിപിടിച്ച് ഈ നടപടി വേണ്ടതായിരുന്നോ എന്ന പ്രസക്തമായ ചോദ്യമാണ് സുപ്രിംകോടതി തെരഞ്ഞെടുപ്പ് കമ്മിഷനോട് ചോദിച്ചത്. ഏതെങ്കിലും വ്യക്തി സ്പെഷൽ ഇന്റൻസീവ് റിവിഷൻ വഴി പുറത്തായാൽ ആവ്യക്തിക്ക് നിയമപരമായി ചോദ്യം ചെയ്യാൻ അവസരം ലഭിക്കുമോ എന്ന സുപ്രിംകോടതിയുടെ ചോദ്യവും വളരെ പ്രസക്തമാണ്. കുറഞ്ഞ സമയം കൊണ്ട് ദീർഘമായ കാര്യം ചെയ്യാൻ സാധിക്കുമോ എന്നും സുപ്രിംകോടതിചോദിച്ചിട്ടുണ്ട്. 2003ലാണ് അവസാനമായി ബിഹാറിൽ വോട്ടർപട്ടിക പരിഷ്കരണം നടന്നത്.അന്നുണ്ടായിരുന്ന 4.96കോടി വോട്ടർമാർ പുതുതായി അപേക്ഷാഫോം പൂരിപ്പിച്ച് നൽകണമെന്നാണ് തെരഞ്ഞെടുപ്പ് കമ്മിഷൻ പറയുന്നത്. എത്രകണ്ട് കൃത്യമായി നടക്കുമെന്ന ആശങ്കയും നിലനിൽക്കുകയാണ്. 2003ന് ശേഷം വോട്ടർപട്ടികയിൽ പേര് ചേർക്കപ്പെട്ട 2.9കോടി വോട്ടർമാർ പൗരത്വം തെളിയിക്കുന്ന രേഖ സമർപ്പിക്കണമെന്നാണ് കമ്മിഷൻ പറയുന്നത്. ഇതിനായി കമ്മിഷൻ ആവശ്യപ്പെടുന്ന 11 രേഖകളിൽ പലതും ബിഹാറിലെ പലർക്കും ഇല്ല എന്നത് കൂടി മനസിലാകുമ്പോൾ ഇത്തരം കാര്യങ്ങൾ കൂടുതൽ സങ്കീർണമാവുകയാണ്. ആധാർകാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ ഐഡി ആയി പരിഗണിക്കണമെന്നാണ് സുപ്രിം കോടതി തെരഞ്ഞെടുപ്പ് കമ്മിഷനോട് നിർദേശിച്ചിട്ടുള്ളത്. വോട്ടർപട്ടിക പുതുക്കുന്നതിന് ഇപ്പോൾ നടക്കുന്ന പരിശോധനയുടെ പ്രസക്തി ജനപ്രാതിനിധ്യ നിയമത്തിലുണ്ടോ എന്ന സുപ്രിം കോടതി നിരീക്ഷണം ശ്രദ്ധേയമാണ്. തെരഞ്ഞെടുപ്പ് കമ്മിഷന്റെ അധികാര പരിധിക്കപ്പുറമാണെന്ന ഈ വാദഗതിയും തുടർ നിയമപോരാട്ടങ്ങൾക്ക് വഴിയൊരുക്കും. ബിഹാറിലെ ദശലക്ഷക്കണക്കിന് പേരാണ് ഉപജീവനാർഥം രാജ്യത്തിന് പുറത്തും അകത്തുമായി ജീവിക്കുന്നത്. ഇവർക്ക് കുറഞ്ഞ സമയത്തിനുള്ളിൽ നടപടികളിൽ ഭാഗമാകാനായില്ലെങ്കിൽ വോട്ടർപട്ടികയിൽ നിന്ന് പിന്തള്ളപ്പെടും. ഓരോ പൗരന്റെയും വോട്ട് ഉറപ്പ് വരുത്തേണ്ടത് തെരഞ്ഞെടുപ്പ് കമ്മിഷന്റെ ഉത്തരവാദിത്തമാണ്. ഇക്കാര്യത്തിൽ തെരഞ്ഞെടുപ്പ് കമ്മിഷൻ കൃത്യമായി ഇടപെടുമെന്നും സുപ്രിംകോടതിയുടെ മേൽ നോട്ടത്തിൽ ജനാധിപത്യ പ്രക്രിയ സുഗമമായി മുന്നേറുമെന്നും പ്രതീക്ഷിക്കാം. ആക്ഷേപങ്ങൾക്കിടയാകാതെ തെരഞ്ഞെടുപ്പ് നടത്തലാണ് തിരഞ്ഞെടുപ്പ് കമ്മിഷന്റെ ഉത്തരവാദിത്തമെന്ന് സുപ്രിം കോടതി നിരീക്ഷണത്തിലൂടെ വ്യക്തമാക്കുകയാണ്.

## തെക്കേപ്പുറം എൻആർഐ മീറ്റ് സംഘടിപ്പിക്കുന്നു

അവധിക്കാലത്ത് നാട്ടിലെത്തുന്ന പ്രവാസികളെയും മുൻ പ്രവാസികളെയും പങ്കെടുപ്പിച്ച് കൊണ്ട് ഖാസി നാലകത്ത് മുഹമ്മദ്കോയ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ 2025 ആഗസ്റ്റ് 1, 2 തിയ്യതികളിൽ കോഴിക്കോട് ബീച്ചിലെ ആസ്പിൻ കോർട്ട് യാർഡിൽ (ഇ.വി. നഗർ)വെച്ച് തെക്കേപ്പുറം എൻആർഐ മീറ്റ് സംഘടിപ്പിക്കുന്നു.

പരിപാടിയുടെ ഭാഗമായി രണ്ട് ദിവസത്തെ ഖസാന പ്രദർശന-വിപണന മേളയും ഒരുക്കുന്നു. തെക്കേപ്പുറത്തെ ഹെറിറ്റേജ് ശേഖരങ്ങളുടെ പ്രദർശനത്തിന്ന് പുറമേ വാണിജ്യ വ്യവസായ-ഫുഡ് സ്റ്റാളുകളുമുണ്ടാകും. ചടങ്ങിന്റെ ഭാഗമായി തെക്കേപ്പുറത്തെ ശാക്തീകരിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ച നിലവിലെ പ്രവാസികളെ ആദരിക്കും.

രാഷ്ട്രീയ- സാമൂഹ്യ- സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തികൾ രണ്ട് ദിവസത്തെ പരിപാടിയിൽ സംബന്ധിക്കും.

മീറ്റിന്റെ ഭാഗമായുള്ള ലോഗോ പ്രകാശനവും, പ്രമോഷൻ വീഡിയോ റിലീസിങ്ങും മലബാർ ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാൻ എം.പി.അഹമ്മദ്, ഫൗണ്ടേഷൻ ചെയർമാൻ ഡോ.കെ.കുഞ്ഞാലിക്ക് കൈമാറി നിർവ്വഹിച്ചു. ചടങ്ങിൽ സ്വാഗത സംഘം ചെയർമാൻ സി.എ.ഉമ്മർ കോയ അദ്ധ്യക്ഷത വഹിച്ചു.

എം.വി. മുഹമ്മദലി,ആർ. ജയന്ത് കുമാർ, എം.അബ്ദുൾ ഗഫൂർ,എസ്.എം. മുഹമ്മദലി എന്നിവർ സംസാരിച്ചു. ഫൗണ്ടേഷൻ ജനറൽ സെക്രട്ടറി എം.വി.റംസി ഇസ്മായിൽ സ്വാഗതവും ട്രഷറർ കെ.വി. ഇസ്ഹാഖ് നന്ദിയും പറഞ്ഞു.

# ആർടിഐ അപേക്ഷകളിലെ മറുപടികളിൽ വ്യക്തമായ വിവരം നൽകണമെന്ന് വിവരാവകാശ കമീഷണർ

**കോഴിക്കോട്:** വിവരാവകാശ അപേക്ഷകൾക്ക് മറുപടി മാത്രം നൽകിയാൽ പോരെന്നും വ്യക്തവും തൃപ്തികരവുമായ വിവരങ്ങൾ നൽകണമെന്നും സംസ്ഥാന വിവരാവകാശ കമീഷണർ അഡ്വ. ടി കെ രാമകൃഷ്ണൻ. കോഴിക്കോട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ സിറ്റിങ്ങിന് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. നൽകുന്ന മറുപടിയിൽ കൃത്യമായ വിവരം ഉണ്ടായില്ലെങ്കിൽ വിവരാവകാശ നിയമപ്രകാരമുള്ള നടപടികൾ ഉണ്ടാകുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

രേഖകളുടെ പകർപ്പ് ലഭിക്കാൻ ആവശ്യപ്പെട്ട ഫീസ് അടച്ചിട്ടും ലഭിച്ചില്ലെന്ന കോട്ടപ്പാടം ടി ഹുസൈൻ എന്നയാളുടെ പരാതിയിൽ ഫറോക്ക് നഗരസഭ ക്ലീൻ സിറ്റി മുൻ മാനേജർക്കെതിരെ വിവരാവകാശ നിയമപ്രകാരം നടപടിയെടുക്കുമെന്ന് കമീഷണർ അറിയിച്ചു.ഫറോക്ക് താലൂക്ക് ആശുപത്രിയിലെ കവാട നിർമാണവുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് വി മഖ്ബൂൽ എന്നയാൾ ഫീസ് അടച്ചിട്ടും ആവശ്യപ്പെട്ട മുഴുവൻ പകർപ്പും ലഭിച്ചില്ലെന്ന പരാതിയിൽ കമീഷന്റെ നിർദേശപ്രകാരം എല്ലാ പകർപ്പുകളും കൈമാറി. ഫറോക്ക് നഗരസഭയിൽ സി കെ ബഷീർ എന്നയാൾ നേരിട്ട് നൽകിയ അപേക്ഷ സ്വീകരിച്ചില്ലെന്ന പരാതിയിൽ, ഓൺലൈനായി മാത്രമല്ല നേരിട്ട് നൽകിയാലും സ്വീകരിക്കണമെന്നും വിവരാവകാശ അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കാതിരിക്കരുതെന്നും കമീഷണർ നിർദേശിച്ചു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോക്കെതിരെ പുതുപ്പാടി അബ്ദുൽസലാം നൽകിയ പരാതിയിൽ, കമീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് വിവരങ്ങളെല്ലാം ലഭിച്ചതായി ഹരജിക്കാരൻ അറിയിച്ചതിനാൽ അപേക്ഷ തീർപ്പാക്കി.

സിറ്റിങ്ങിൽ ഹാജരാവാത്ത ബേപ്പൂർ പോലീസ് സ്റ്റേഷൻ, തിരൂർ പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിലെ വിവരാവകാശ ഓഫീസർമാക്ക് സമൻസ് അയക്കുമെന്ന് കമീഷണർ അറിയിച്ചു. സിറ്റിങ്ങിൽ പരിഗണിച്ച 18 കേസുകളിൽ 16 എണ്ണം തീർപ്പാക്കി.

# വായന പക്ഷാചരണത്തിന് സമാപനം

**കോഴിക്കോട്:** വായനയുടെ പ്ലാറ്റ്ഫോമുകളും രീതികളും മാത്രമാണ് മാറുന്നതെന്നും വായന നിലയ്ക്കുന്നില്ലെന്നും സെമിനാർ. ഏത് പ്ലാറ്റ്ഫോമിലൂടെ വായിച്ചാലും വായനാനുഭവം ഒരുപോലെയാണെന്നും വായനയിലൂടെ വ്യക്തി എന്ത് ഉൾക്കൊള്ളുന്നു എന്നതാണ് പ്രധാനമെന്നും ഡിജിറ്റൽ വായനയിൽ സംഘടിപ്പിച്ച സെമിനാർ അഭിപ്രായപ്പെട്ടു. വായന പക്ഷാചാരണത്തോടനുബന്ധിച്ച് ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും കാലിക്കറ്റ് യൂണിവേഴ്സിറ്റി ജില്ലാ എൻഎസ്എസിന്റെയും സംയുക്താഭിമുഖ്യത്തിൽ വായന പക്ഷാചരണ സമാപനത്തിന്റെ ഭാഗമായി ഡിജിറ്റൽ വായന എന്ന വിഷയത്തിൽ കോളേജ് വിദ്യാർഥികൾക്കായി സംഘടിപ്പിച്ച സെമിനാറിലാണ് പുതുവായന ചർച്ചയായത്.

ഫാറൂഖ് ട്രെയിനിങ് കോളേജിൽ നടന്ന സെമിനാർ ഡെപ്യൂട്ടി കളക്ടർ ഗോപിക ഉദയൻ ഉദ്ഘാടനം ചെയ്തു. പുത്തൻ സാങ്കേതിക വിദ്യകൾ വായനയും എഴുത്തും കൂടുതൽ ജനകീയമാക്കിയെന്ന് ഡെപ്യൂട്ടി കളക്ടർ പറഞ്ഞു. വിദ്യാർഥികൾ കൂടുതൽ സമയം വായനക്കായി മാറ്റിവെക്കാൻ തയാറാവണമെന്നും അവർ പറഞ്ഞു. ഫാറൂഖ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ടി മുഹമ്മദ് സലീം അധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് പ്രൊഫസർ കെ എം ഷരീഫ് മോഡറേറ്റ് ചെയ്ത സെമിനാറിൽ ഏഷ്യാനെറ്റ് ന്യൂസ് ഓൺലൈൻ എഡിറ്റർ എ കെ മുരളീധരൻ, എസ്എസ്കെ ജില്ലാ പ്രോജക്റ്റ് കോഓർഡിനേറ്റർ ഡോ എ കെ അബ്ദുൽ ഹക്കീം എന്നിവർ സംസാരിച്ചു.

ആളുകൾ ഇന്റർനെറ്റിൽ ചെലവഴിക്കുന്ന സമയം വർധിക്കുമ്പോഴും പുസ്തകങ്ങൾ വാങ്ങുന്നവരുടെയും വായിക്കുന്നവരുടെയും എണ്ണം കൂടുകയാണെന്നത് ശുഭപ്രതീക്ഷ തരുന്നതാണെന്ന് ഡോ എ കെ അബ്ദുൽ ഹക്കീം അഭിപ്രായപ്പെട്ടു. ഓഡിയോ ബുക്കുകളും വീഡിയോ സംവിധാനങ്ങളും ഉൾപ്പെട്ട ഡിജിറ്റൽ വായന അനന്ത സാധ്യതകളാണ് വായനക്കാരന് സമ്മാനിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഡിജിറ്റൽ ലോകത്തെ വാസ്തവവും വാസ്തവ വിരുദ്ധതയും തിരിച്ചറിയാൻ വായനക്കാർക്ക് സാധിക്കണമെന്ന് എ കെ മുരളീധരൻ പറഞ്ഞു. ക്വാളിറ്റിയും സത്യസന്ധതയുമുള്ള കണ്ടന്റ് കൃത്യമായി നൽകാനായാൽ ഡിജിറ്റൽ ലോകത്ത് സ്ഥിരം പ്രേക്ഷകരെ സൃഷ്ടിക്കാനാകുമെന്നും അവർ പറഞ്ഞു.

പരിപാടിയിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർ സി പി അബ്ദുൽ കരീം, എൻഎസ്എസ് ജില്ലാ കോഓർഡിനേറ്റർ ഫസീൽ അഹമ്മദ്, വിവിധ കോളേജുകളിൽ നിന്നുള്ള എൻഎസ്എസ് വോളണ്ടിയർമാർ തുടങ്ങിയവർ പങ്കെടുത്തു.

# വായന പക്ഷാചരണം: ആവേശമായി സംവാദ മത്സരം

**കോഴിക്കോട്:** വയന പക്ഷാചരണം ജില്ലാതല സമാപനത്തിന്റെ ഭാഗമായി കോളേജ് വിദ്യാർഥികൾക്കായി 'ഡിജിറ്റൽ വായന' വിഷയത്തിൽ സംഘടിപ്പിച്ച സംവാദ മത്സരം ആവേശമായി. ജില്ലാ ഭരണകൂടവും ജില്ലാ ഇൻഫർമേഷൻ ഓഫീസും കാലിക്കറ്റ് സർവകലാശാല ജില്ലാ എൻഎസ്എസും ചേർന്ന് ഫാറൂഖ് ട്രെയിനിങ് കോളജിലാണ് സംവാദം സംഘടിപ്പിച്ചത്. വായന മരിക്കുന്നില്ലെന്നും നൂതന സാങ്കേതിക വിദ്യയിലൂടെ വായനയെ പുതുതലമുറ ഏറ്റെടുക്കുന്നുണ്ടെന്നും വിദ്യാർഥികൾ വാദിച്ചു. ഡിജിറ്റൽ വായനയുടെ ഗുണങ്ങളും ദോഷങ്ങളും ചർച്ചയായ സംവാദത്തിൽ, സമയത്തിനും സന്ദർഭത്തിനുമനുസരിച്ച് വായനയുടെ രീതി മാറുമെന്ന അഭിപ്രായവും ഉയർന്നു.

ഫാറൂഖ് ട്രെയിനിങ് കോളേജ് പ്രിൻസിപ്പൽ ഡോ. മുഹമ്മദ് സലീം ഉദ്ഘാടനം നിർവഹിച്ചു. ഏഷ്യാനെറ്റ് ഓൺലൈൻ ന്യൂസ് എഡിറ്റർ എ കെ മുരളീധരൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ അബ്ദുൽ കരീം എന്നിവർ സംസാരിച്ചു. ഡെപ്യൂട്ടി കലക്ടർ ഗോപിക ഉദയൻ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. , മത്സരത്തിൽ ദേവഗിരി സെന്റ് ജോസഫ് കോളേജിലെ പി ആർ അനുവിന്ദ്, വി ഹിബ റസാഖ് ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി. കോഴിക്കോട് ഗവ. കോളേജ് ഓഫ് ടീച്ചേഴ്സ് എഡ്യൂക്കേഷനിലെ ടി ഏകന, ടി മുഹമ്മദ് ഹാരിസ് എന്നിവർ രണ്ടും കോഴിക്കോട് ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലെ സി റമീഷ, ബി എ ദേവിക ടീം മൂന്നും സ്ഥാനം നേടി.

# മത്സ്യകർഷക സംഗമവും ആദരിക്കലും

ചേളന്നൂർ: ദേശീയ മത്സ്യകർഷക ദിനത്തോടനുബന്ധിച്ച് ഫിഷറീസ് വകുപ്പും ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തും ചേർന്ന് മത്സ്യകർഷക സംഗമവും ആദരിക്കലും സംഘടിപ്പിച്ചു. ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷിഹാന രാരപ്പൻകണ്ടി ഉദ്ഘാടനം നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഹരിദാസൻ ഈച്ചരോത്ത് അധ്യക്ഷത വഹിച്ചു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പി അനീഷ് മത്സ്യകൃഷിയുടെ സാധ്യതകൾ അവതരിപ്പിച്ചു. ബ്ലോക്ക് ഡിവിഷൻ മെമ്പർ ടി എം രാമചന്ദ്രൻ, ഫിഷറീസ് അസി. ഡയറക്ടർ കെ ശ്രീജേഷ് എന്നിവർ സംസാരിച്ചു. പഞ്ചായത്ത് പ്രതിനിധികൾ, ഫിഷറീസ് കോഓഡിനേറ്റർ, പ്രമോട്ടർമാർ, മത്സ്യകർഷകർ എന്നിവർ പങ്കെടുത്തു. തലക്കുളത്തൂർ പഞ്ചായത്തിലെ അക്വാപോണിക്സ് കർഷകൻ ചന്ദ്രശേഖരൻ, കാക്കൂർ പഞ്ചായത്തിലെ വരാൽ മത്സ്യകർഷക ഇന്ദിര, കക്കോടി പഞ്ചായത്തിലെ സെമി ഇന്റൻസീവ് കർഷകൻ എം പി സശോഭ് എന്നിവരെയാണ് ആദരിച്ചത്.


# സർക്കാർ ആശുപത്രികളിൽ മികച്ച ചികിത്സ; സജി ചെറിയാനെ തള്ളി എംവി ഗോവിന്ദൻ

തിരുവനന്തപുരം: സർക്കാർ ആശുപത്രികളെ കുറിച്ചുള്ള മന്ത്രി സജി ചെറിയാന്റെ നിലപാടുകളോട് യോജിപ്പില്ലെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ. കോടിക്കണക്കിന് ആളുകളുടെ ആരോഗ്യസംരക്ഷണത്തിന് ഉപയോഗിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട സംവിധാനമാണ് സർക്കാർ ആശുപത്രികൾ. അവയിൽ പലതും ലോകത്തോര നിലവാരം പുലർത്തുന്നതാണെന്നും സർക്കാർ ആശുപത്രികളെല്ലാം മെച്ചപ്പെട്ട നിലയിലാണ് പ്രവർത്തിക്കുന്നതെന്നും എംവി ഗോവിന്ദൻ പറഞ്ഞു. മാധ്യമങ്ങൾ ഇപ്പോൾ പ്രചരിപ്പിക്കുന്നത് ആരോഗ്യരംഗം താറുമാറായി എന്ന നിലയിലാണ്. വലതുപക്ഷ നിലപാട് ഉയർത്തിപ്പിടിക്കുകയും വലുതപക്ഷ ആശയം രൂപപ്പെടുത്താൻ വേണ്ടിയും നടത്തുന്ന ഈ പ്രവർത്തനത്തിന് വലിയ സ്വീകാര്യത കിട്ടില്ലെന്നും എംവി ഗോവിന്ദൻ പറഞ്ഞു.കേരളത്തിലെ ഉന്നതവ്യദ്യാസ മേഖലയെ തകർക്കുന്നതിനുള്ള നടപടികളാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതെന്ന് എംവി ഗോവിന്ദൻ പറഞ്ഞു. ഗവർണമാരെ ഉപയോഗപ്പെടുത്തിയും സർവകലാശാലകളുടെ സ്വയംഭരണത്തെ തകർക്കാനും കാവി വൽക്കരണ അജണ്ടകളുമായി വിദ്യാഭ്യാസ രംഗത്ത് ഇടപെടുകയാണ് കേന്ദ്ര സർക്കാർ ഇപ്പോൾ നിലപാടുകൾ സ്വീകരിക്കുന്നത്. എംവി ഗോവിന്ദൻ പറഞ്ഞു.

# നിപ: കോഴിക്കോട്ട് സമ്പർക്കപ്പട്ടികയിൽ 116 പേർ

**കോഴിക്കോട്:** ജില്ലയിൽ നിപ സമ്പർക്കപ്പട്ടികയിൽ 116 പേരുള്ളതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. നിപ സ്ഥിരീകരിച്ച രോഗി കോഴിക്കോട് ഐസിയു ചികിത്സയിൽ തുടരുകയാണ്. സംസ്ഥാനത്ത് 499 പേരാണ് സമ്പർക്കപ്പട്ടികയിലുള്ളത്.

മലപ്പുറം ജില്ലയിൽ 203 പേരും പാലക്കാട് 178 പേരും എറണാകുളത്ത് രണ്ടുപേരും സമ്പർക്കപ്പട്ടികയിലുണ്ട്. മലപ്പുറത്ത് 11 പേരാണ് ചികിത്സയിലുള്ളത്. 2 പേർ ഐസിയു



ചികിത്സയിലാണ്. മലപ്പുറത്ത് ഇതുവരെ 56 സാമ്പിളുകൾ നെഗറ്റീവ് ആയി. പാലക്കാട് 3 പേർ ഐസൊലേഷനിൽ ചികിത്സയിലാണ്. സംസ്ഥാനത്ത് ആകെ 29 പേർ ഹൈയസ്റ്റ് റിസ്കിലും 117 പേർ ഹൈ റിസ്ക് വിഭാഗത്തിലും നിരീക്ഷണത്തിലാണ്.ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, ജില്ലാ കളക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, പോലീസ് ഉദ്യോഗസ്ഥർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# വാർഷിക പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കാൻ ജില്ല ആസൂത്രണ സമിതി യോഗത്തിൽ നിർദേശം

കോഴിക്കോട്: 2025-26 വാർഷിക പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കണമെന്ന് ജില്ല ആസൂത്രണ സമിതി യോഗം നിർദേശിച്ചു. വാർഷിക പദ്ധതികളുടെ അവലോകനവുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് ഹാളിൽ ചേർന്ന യോഗമാണ് പദ്ധതികൾ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് മുമ്പ് തന്നെ പൂർത്തീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയത്.

ടെണ്ടർ നടപടികൾ, ഗുണഭോക്തൃ പട്ടിക, അതിദാരിദ്ര്യ നിർമാർജ്ജനം, ഭിന്നശേഷി വിഭാഗക്കാർക്കായുള്ള പദ്ധതികൾ, ഹെൽത്ത് ഗ്രാന്റ് പദ്ധതികൾ, മാലിന്യമുക്ത പദ്ധതികൾ തുടങ്ങിയവ യോഗം ചർച്ച ചെയ്തു.

തദ്ദേശഭരണ സ്ഥാപനതലത്തിലും വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരുടെയും ജില്ലാ ആസൂത്രണ സമിതിയുടെയും നേതൃത്വത്തിലും എല്ലാ മാസവും പദ്ധതി പുരോഗതി അവലോകന യോഗം ചേരാനും ജില്ലാ ആസൂത്രണ സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ ഗ്രാമ, ബ്ലോക്ക്, നഗരസഭ, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ തലത്തിൽ പ്രത്യേക അവലോകന യോഗം ചേരാനും തീരുമാനിച്ചു.

യോഗത്തിൽ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ ഷീജ ശശി അധ്യക്ഷത വഹിച്ചു. ആസൂത്രണ സമിതി സർക്കാർ നോമിനി എ സുധാകരൻ, ജില്ലാ പ്ലാനിങ് ഓഫീസർ, ആസൂത്രണ സമിതി അംഗങ്ങൾ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## സഹായ ഉപകരണ വിതരണം: സ്ക്രീനിങ് ക്യാമ്പ് 14 മുതൽ

കോഴിക്കോട്: കോഴിക്കോട് കോർപ്പറേഷൻ നടപ്പാക്കുന്ന സമന്വയ പദ്ധതിയുടെ ഭാഗമായി മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും സഹായ ഉപകരണങ്ങൾ ലഭ്യമാക്കാൻ കേന്ദ്ര സർക്കാർ സ്ഥാപനമായ അലിംകൊയുടെ ആർ വി വൈ, എ ഡി ഐ പി സ്കീം വഴി കേരള സാമൂഹിക സുരക്ഷാ മിഷൻ വയോമിത്രം പദ്ധതിയുടെ സഹകരണത്തോടെ സ്ക്രീനിങ് ക്യാമ്പ് സംഘടിപ്പിക്കും. ജൂലൈ 14 മുതൽ 18 വരെ നാല് മേഖലകളിലായി രാവിലെ 9.30 മുതൽ ഉച്ച ഒരുമണി വരെ നടക്കുന്ന ക്യാമ്പിൽ കോർപറേഷൻ പരിധിയിലുള്ളവർക്ക് പങ്കെടുക്കാം. ക്യാമ്പ് തിയതി, സ്ഥലം, വാർഡ് ക്രമത്തിൽ: ജൂലൈ 14: കണ്ടംകുളം ജൂബിലി ഹാൾ -അർബൻ ഒന്നിലെ വാർഡുകൾ, 16: എലത്തൂർ കമ്യൂണിറ്റി ഹാൾ -അർബൻ മൂന്ന്, 17: എസ് കെ പൊറ്റക്കാട് ഹാൾ -അർബൻ രണ്ട്, 18: ചെറുവണ്ണൂർ കമ്യൂണിറ്റി ഹാൾ -അർബൻ നാല്. കൂടുതൽ വിവരങ്ങൾക്കും ക്യാമ്പിൽ പങ്കെടുക്കുന്നതിനും തൊട്ടടുത്ത അങ്കണവാടിയുമായി ബന്ധപ്പെടണമെന്ന് വയോമിത്രം കോഓഡിനേറ്റർ അറിയിച്ചു.

# കോഴിക്കോട് കൊയിലാണ്ടിയിൽ ബസ് അപകടം: 30ഓളം പേർക്ക് പരിക്ക്

**കോഴിക്കോട്:** സ്വകാര്യബസ് അപകടത്തിൽപ്പെട്ട് 30ഓളം പേർക്ക് പരിക്ക്. കൊയിലാണ്ടി വെങ്ങളം പാലത്തിന്റെ കൈവരിയിൽ ഇടിച്ചാണ് അപകടം ഉണ്ടായത്. ഇന്ന് ഉച്ചയ്ക്ക് രണ്ടുമണിക്കായിരുന്നു സംഭവം. കോഴിക്കോട് നിന്ന് കണ്ണൂർ ഇരിട്ടിയിലേക്ക് പോകുകയായിരുന്ന ബസാണ് അപകടത്തിൽപ്പെട്ടത്. ബസിന്റെ മുൻഭാഗം പൂർണമായും തകർന്നു.അമിത വേഗതയിലായിരുന്ന ബസ് നിയന്ത്രണം നഷ്ടപ്പെട്ട് കൈവരിയിലിടിക്കുകയായിരുന്നു. പരിക്കേറ്റ യാത്രക്കാരെ ഉടൻതന്നെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്കും സമീപത്തുള്ള സ്വകാര്യ ആശുപത്രികളിലേക്കും മാറ്റി. ആരുടെയും പരിക്കുകൾ ഗുരുതരമല്ല. അപകടത്തെത്തുടർന്ന് ദേശീയപാതയിൽ മണിക്കൂറുകളോളം ഗതാഗതക്കുരുക്ക് ഉണ്ടായി. ബസ് ഡ്രൈവർക്കെതിരെ വെങ്ങളം പൊലീസ് കേസെടുത്തു.



## വെറ്ററിനറി സർജൻ നിയമനം

ബാലുശ്ശേരിയിലെ എബിസി സെന്ററിൽ ദിവസവേതനാടിസ്ഥാനത്തിൽ വെറ്ററിനറി സർജനെ നിയമിക്കും. 90 ദിവസത്തേക്കോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടക്കുന്നത് വരെയോ ആകും നിയമനം. വെറ്ററിനറി സയൻസിൽ ബിരുദവും വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷനുമുള്ള എബിസി സർജറിയിൽ പരിചയ സമ്പന്നരായവർ വെള്ളക്കടലാസിൽ തയാറാക്കിയ ബയോഡാറ്റയോടൊപ്പം സർട്ടിഫിക്കറ്റുകൾ, ആധാർ കാർഡ് എന്നിവയുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ജൂലൈ 14ന് രാവിലെ 11ന് കോഴിക്കോട് ജില്ലാ മൃഗസംരക്ഷണ ഓഫിസിൽ വാക്-ഇൻ ഇന്റർവ്യൂവിനെത്തണം. ഫോൺ: 0495 2768075.

## മത്സ്യകർഷക ദിനാചരണം

ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തോടന്നൂർ ബ്ലോക്കിൽ ദേശീയ മത്സ്യകർഷക ദിനം ആചരിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി എം ലീന ഉദ്ഘാടനം നിർവഹിച്ചു. വൈസ് പ്രസിഡന്റ് എം ശ്രീലത അധ്യക്ഷത വഹിച്ചു. തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി സി ഹാജറ, മണിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി കെ അഷ്റഫ്, ആയഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഹമീദ്, ബ്ലോക്ക് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ ശാന്ത വള്ളിൽ, പി ശ്രീജ, നാഷിദ ടീച്ചർ, ഫിഷറീസ് ഓഫീസർ ടി അനുരാഗ്, അപർണ, സുധിന മനോജ് എന്നിവർ സംസാരിച്ചു. മത്സ്യകർഷകരായ അബ്ദുൽ മനാഫ്, മുംതാസ്, സുജിത്ത്, പദ്മേഷ് എന്നിവരെ ആദരിച്ചു.

## ഐടിഐ കൗൺസിലിങ്

ബേപ്പൂർ ഗവ. ഐടിഐയിൽ ഏക/ദ്വിവത്സര ട്രേഡുകളിൽ അഡ്മിഷന് അപേക്ഷിച്ച പെൺകുട്ടികൾക്കുള്ള കൗൺസിലിങ് ജൂലൈ 14ന് നടക്കുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. ആധാർ കാർഡും സർട്ടിഫിക്കറ്റുകളും സഹിതം രാവിലെ ഒമ്പതിന് ഐടിഐയിൽ എത്തണം. ഫോൺ: 0495 2415040.ചാത്തമംഗലം ഗവ. ഐടിഐയിൽ അഡ്മിഷൻ കൗൺസിലിങ് ഇന്ന് (ജൂലൈ 11) രാവിലെ 10ന് നടക്കും.

# ഫിഫ റാങ്കിങ്; ഒന്നാം സ്ഥാനം നിലനിർത്തി അർജന്റീന, ഇന്ത്യ 133ാം സ്ഥാനത്ത്



ന്യൂഡൽഹി: ഫിഫയുടെ പുതുക്കിയ റാങ്കിങ് പ്രഖ്യാപിച്ചു. അർജന്റീന ഒന്നാംസ്ഥാനം നിലനിർത്തി. സ്പെയിനാണ് രണ്ടാമത്.

ഫ്രാൻസ്, ഇംഗ്ലണ്ട്, ബ്രസീൽ എന്നിവർ യഥാക്രമം മൂന്ന്,നാല്, അഞ്ച് സ്ഥാനങ്ങളിൽ തുടരുന്നു. യുവേഫ നേഷൻസ് കപ്പ് കിരീടം ചൂടിയ പോർച്ചുഗൽ ഒരു സ്ഥാനം മെച്ചപ്പെടുത്തി ആറാമതെത്തി.അതേസമയം, സമീപകാലത്ത് മോശം ഫോമിലൂടെ കടന്നുപോകുന്ന ഇന്ത്യ 133ാം സ്ഥാനത്താണ്. ആറു സ്ഥാനങ്ങൾ പിറകോട്ടിറങ്ങിയ നീലപ്പട കഴിഞ്ഞ എട്ട് വർഷത്തെ മോശം റാങ്കിലാണെത്തിയത്. 2023 ജൂലൈയിൽ 99-ാം സ്ഥാനത്തുനിന്നാണ് ഇന്ത്യ പടിപടിയായി കൂപ്പുകുത്തിയത്.2023 നവംബറിനുശേഷം ഔദ്യോഗിക മത്സരങ്ങളിലൊന്നും ജയിക്കാനായില്ല. അവസാന 16 മാച്ചിൽ ഒരു ജയം മാത്രമാണുള്ളത്. ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ മോശം പ്രകടനത്തിന് പിന്നാലെ പരിശീലകസ്ഥാനത്തുനിന്ന് മനോലോ മാർക്വസ് സ്ഥാനമൊഴിഞ്ഞിരുന്നു.

# ജോ റൂട്ടിന് സെഞ്ച്വറി; സ്റ്റോക്സിനെ ബൗൾഡാക്കി ബുംറ

ലണ്ടൻ: ഇന്ത്യക്കെതിരെ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ട് രണ്ടാം ദിനം ബാറ്റിങ് പുനരാരംഭിച്ചു. ഇന്നലെ 99 റൺസിൽ ബാറ്റിങ് അവസാനിപ്പിച്ച സൂപ്പർ ബാറ്റർ ജോ റൂട്ട് സെഞ്ചുറി നേടി. രണ്ടാം ദിനം ആദ്യ ഓവർ എറിഞ്ഞ ജസ്പ്രിത് ബുംറയുടെ ആദ്യ പന്ത് തന്നെ ബൗണ്ടറി കടത്തിയാണ് റൂട്ട് 103ൽ എത്തി ശതകം തൊട്ടത്.

192 പന്തിൽ 10 ഫോറുകൾ സഹിതമാണ് സെഞ്ചുറി നേട്ടം.റൂട്ടിന്റെ സെഞ്ചുറിക്കു പിന്നാലെ ഇംഗ്ലണ്ട് ക്യാപ്റ്റൻ ബെൻ സ്റ്റോക്സിനെ ബുംറ ബൗൾഡാക്കി. ഇന്നലത്തെ സ്കോറിനോട് 5 റൺസ് ചേർത്താണ് സ്റ്റോക്സിന്റെ മടക്കം. താരം 44 റൺസിൽ പുറത്തായി.

ബാറ്റിങ് തുടരുന്ന ഇംഗ്ലണ്ട് 5 വിക്കറ്റ് നഷ്ടത്തിൽ 260 റൺസ് എന്ന നിലയിൽ. റൂട്ടിനൊപ്പം ജാമി സ്മിത്താണ് ക്രീസിൽ ചേർന്നിരിക്കുന്നത്.

ഇന്ത്യക്കായി ജസ്പ്രിത് ബുംറ, നിതീഷ് കുമാർ റെഡ്ഡി, രണ്ട് വിക്കറ്റുകൾ സ്വന്തമാക്കി. രവീന്ദ്ര ജഡേജ ഒരു വിക്കറ്റും വീഴ്ത്തി.ടോസ് നേടി ഇംഗ്ലണ്ട് ബാറ്റിങ് തിരഞ്ഞെടുക്കുകയായിരുന്നു. കരുതലോടെ തുടങ്ങിയ ഇംഗ്ലണ്ടിനെ തന്റെ ആദ്യ ഓവർ എറിയാനെത്തിയ നിതീഷ് ഞെട്ടിച്ചു. മൂന്നാം പന്തിൽ ബെൻ ഡക്കറ്റിനേയും ആറാം പന്തിൽ സാക് ക്രൗളിയേയും നിതീഷ് പുറത്താക്കി.

ഓപ്പണർമാരായ ക്രൗളിയേയും ഡക്കറ്റിനേയും ഒറ്റ ഓവറിൽ മടക്കി നിതീഷ് കുമാർ റെഡ്ഡി ഇംഗ്ലണ്ടിനു ഇരട്ട പ്രഹരമേൽപ്പിക്കുകയായിരുന്നു.ഡക്കറ്റ് നിതീഷിന്റെ പന്തിൽ വിക്കറ്റ് കീപ്പർ ഋഷഭ് പന്തിനു ക്യാച്ച് നൽകി മടങ്ങി. ഡക്കറ്റ് 23 റൺസെടുത്തു. പിന്നാലെ ഒലി പോപ്പാണ് ക്രീസിലെത്തിയത്. താരം നിതീഷിന്റെ അഞ്ചാം പന്തിൽ സിംഗിൾ എടുത്തു.



ആറാം ന്ത് നേരിട്ട സാക് ക്രൗളിയും കണക്കുകൂട്ടൽ തെറ്റിച്ച് നിതീഷിന്റെ ഡെലിവറി. താരവും പന്തിനു തന്നെ പിടി നൽകി മടങ്ങി. കഴിഞ്ഞ കളിയിൽ അതിവേഗം പുറത്തായി ഏറെ പഴി കേട്ട ക്രൗളി ഇത്തവണയും നിരാശപ്പെടുത്തി. താരം 18 റൺസുമായി ഔട്ട്.ഓപ്പണർമാരെ 44 റൺസിനിടെ തുടരെ നഷ്ടമായി വെട്ടിലായ ഇംഗ്ലണ്ടിനെ മൂന്നാം വിക്കറ്റിൽ ഒന്നുചേർന്ന ഒലി പോപ്പ്, ജോ റൂട്ട് സഖ്യമാണ് തിരിച്ചെത്തിച്ചത്.

നാലാമനായി എത്തിയ ജോ റൂട്ടിനെ മുഹമ്മദ് സിറാജിന്റെ പന്തിൽ ഗോൾഡൻ ഡക്കായി മടക്കാനുള്ള അവസരം ഇന്ത്യക്കു കിട്ടിയിരുന്നു. താരത്തിന്റെ ക്യാച്ച് കെഎൽ രാഹുൽ പക്ഷേ വിട്ടുകളഞ്ഞു. അതിന്റെ വില ഇന്ത്യ നൽകുകയും ചെയ്തു.

നിതീഷിന്റെ ഇരട്ട പ്രഹരത്തിനു ശേഷം ഇംഗ്ലണ്ട് റൂട്ടിലായി. ഒലി പോപ്പ് 104 പന്തുകൾ നേരിട്ട് 44 റൺസുമായി പ്രതിരോധം തീർത്തു. ഒപ്പം റൂട്ടും കൂടിയതോടെ കാര്യങ്ങൾ ആതിഥേയർക്കനുകൂലമായി.

ഇരുവരും ചേർന്നു മൂന്നാം വിക്കറ്റിൽ 109 റൺസ് കൂട്ടിച്ചേർത്താണ് പിരിഞ്ഞത്. ജഡേജയാണ് ഇന്ത്യയെ മടക്കി എത്തിച്ചത്. തൊട്ടുപിന്നാലെയാണ് ബുംറ ബ്രൂക്കിനെ പുറത്താക്കിയത്. താരം ക്ലീൻ ബൗൾഡായി മടങ്ങി. താരം 11 റൺസിൽ പുറത്തായി.

# കോഴിക്കോട് കൊമ്മേരിയിൽ പൊതു കിണർ ഇടിഞ്ഞു; നാല് വീടുകൾ ഭീഷണിയിൽ

കോഴിക്കോട്: വളയനാട് ക്ഷേത്രത്തിന് സമീപം കൊമ്മേരിയിൽ വീടിനോട് ചേർന്നുള്ള പൊതു കിണർ ഇടിഞ്ഞുതാഴ്ന്നു. ഇതോടെ റിയാസിന്റെ വീടിനും തൊട്ടു ചേർന്നുള്ള നാല് വീടുകൾക്കും ഭീഷണിയായി. അപകടഭീഷണി പൂർണമായി ഒഴിവാക്കിയ ശേഷം മാത്രമേ മാറ്റിപ്പാർപ്പിച്ച കുടുംബങ്ങളെ തിരികെ പ്രവേശിപ്പിക്കൂ എന്ന് അധികൃതർ അറിയിച്ചു.



## മുപ്പതോളം പേരെ സുരക്ഷിതയിടങ്ങളിലേക്ക് മാറ്റി

കിണർ ഇടിഞ്ഞതിനെത്തുടർന്ന് അപകടഭീഷണി നേരിടുന്ന നാല് വീടുകളിലെ മുപ്പതോളം പേരെയാണ് സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചത്. പ്രാഥമിക രക്ഷാപ്രവർത്തനങ്ങളുടെ ഭാഗമായി വീടുകൾക്ക് ചുറ്റും തകർച്ച ഒഴിവാക്കുന്നതിനുള്ള സുരക്ഷാ ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. കിണർ അസാധാരണമായി ഇടിഞ്ഞതിന്റെ കാരണം കണ്ടെത്താനും ഭാവിയിൽ സമാന അപകടങ്ങൾ ഒഴിവാക്കാനുമുള്ള സാധ്യതകൾ വിലയിരുത്തുന്നതിനുമായി ഇന്ന് കൂടുതൽ വിശദമായ പരിശോധനകൾ നടത്തും. മണ്ണിന്റെ ഘടന, ഭൂഗർഭജലനിരപ്പ്, സമീപകാല മഴയുടെ സ്വാധീനം എന്നിവയെല്ലാം പരിശോധനയുടെ ഭാഗമാകും.

ചൊവ്വാഴ്ച രാത്രി പതിനൊന്ന് മണിയോടെയാണ് കിണർ അപ്രതീക്ഷിതമായി ഇടിഞ്ഞുതാഴ്ന്നത്. ഈ സമയം വീടുകളിൽ ആളുകൾ ഉണ്ടായിരുന്നതിനാൽ വലിയ അപകടം ഒഴിവാക്കാനായി. വലിയൊരു ശബ്ദം കേട്ട് പുറത്തിറങ്ങിയപ്പോഴാണ് പത്ത് അടിയിലേറെ താഴ്ചയുള്ള കിണർ ഇടിഞ്ഞുതാഴ്ന്നതായി പ്രദേശവാസികളുടെ ശ്രദ്ധയിൽപ്പെട്ടത്. വിവരമറിഞ്ഞ് ഉടൻതന്നെ മീഞ്ചന്ത ഫയർ യൂണിറ്റും പൊലീസും സ്ഥലത്തെത്തി. ഫയർഫോഴ്സ് ഉദ്യോഗസ്ഥരുടെയും പൊലീസിന്റെയും സമയോചിതമായ ഇടപെടലുകളാണ് കൂടുതൽ അപകടങ്ങൾ ഒഴിവാക്കാൻ സഹായിച്ചത്.

അപ്രതീക്ഷിതമായി കിണർ ഇടിഞ്ഞുതാഴ്ന്നതോടെ മാറിതാമസിച്ച നാല് വീടുകളിലെ കുടുംബങ്ങൾക്കും വലിയ ആശങ്കയാണുള്ളത്.

സുരക്ഷിതമായ ഒരിടത്തേക്ക് മാറിയെങ്കിലും, സ്വന്തം വീടുകളിൽ ഭയാശങ്കയില്ലാതെ എന്ന് തിരിച്ചെത്താൻ സാധിക്കുമെന്നത് അവർക്ക് മുന്നിലുള്ള ഒരു ചോദ്യചിഹ്നമായി തുടരുന്നു. ഇന്നലെ പ്രാഥമിക പരിശോധന നടത്തിയ മീഞ്ചന്ത ഫയർ യൂണിറ്റും വീട്ടുകാരോട് തൽക്കാലം സുരക്ഷിത സ്ഥാനത്തേക്ക് മാറാനാണ് ആവശ്യപ്പെട്ടത്. സമീപകാലത്ത് കേരളത്തിൽ പലയിടങ്ങളിലും, പ്രത്യേകിച്ച് മഴക്കാലത്തും മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിലും, കിണറുകൾ ഇടിഞ്ഞുതാഴുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാറകളില്ലാത്ത മണ്ണ്, ഉറപ്പില്ലാത്ത ഭൂഗർഭ നിലവാരം, പഴയ കിണറുകൾ എന്നിവയെല്ലാം ഇത്തരം സംഭവങ്ങൾക്ക് കാരണമാകാറുണ്ട്. ഈ സംഭവവും, മണ്ണിന്റെ സ്ഥിരതയെയും ഭൂഗർഭജല നിരപ്പിനെയും കുറിച്ചുള്ള ആശങ്കകൾ വർധിപ്പിക്കുന്നുണ്ട്.

ജിയോളജി വകുപ്പ് ഉൾപ്പെടെയുള്ളവരുടെ പരിശോധന പൂർത്തിയാക്കുകയും, ആവശ്യമായ പ്രതിവിധിയും മുൻകരുതലും ഉറപ്പുവരുത്തുന്നതുവരെ വീട്ടുകാർക്ക് മാറി താമസിക്കേണ്ടി വരുമെന്ന് കോർപറേഷൻ വാർഡ് കൗൺസിലർ കവിത അരുൺ പറഞ്ഞു. കിണർ പുനർനിർമിക്കുന്നതിനോ സുരക്ഷിതമാക്കുന്നതിനോ ഉള്ള സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ സംബന്ധിച്ചും കോർപറേഷൻ തലത്തിൽ ചർച്ചകൾ നടക്കേണ്ടതുണ്ട്.

രക്ഷാപ്രവർത്തനത്തിന് മീഞ്ചന്ത ഫയർ യൂണിറ്റ് സ്റ്റേഷൻ ഓഫിസർ സി കെ മുരളീധരൻ, സീനിയർ ഫയർ റെസ്ക്യൂ ഓഫിസർമാരായ വി കെ സിതീഷ്, ടി വി ജിജിൻ രാജ്, സി പി അൻവർ, ഹോം ഗാർഡുമാരായ എ അഭിലാഷ്, കെ കെ ശ്രീനാഥ്, വില്ലേജ് അസിസ്റ്റന്റ് സുബിൻ, കോഴിക്കോട് കോർപറേഷൻ വാർഡ് കൗൺസിലർ കവിത അരുൺ എന്നിവർ നേതൃത്വം നൽകി. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കാനാകും എന്നതും അധികൃതർ പരിശോധിക്കുന്നുണ്ട്.



# സ്വിറ്റ്സർലൻഡ് യൂറോ 2025 ക്വാർട്ടർ ഫൈനലിൽ

യുവേഫ വനിതാ യൂറോ 2025-ന്റെ ക്വാർട്ടർ ഫൈനലിലേക്ക് സ്വിറ്റ്സർലൻഡ് മുന്നേറി. ജനീവയിൽ നടന്ന മത്സരത്തിൽ ഫിൻലൻഡിനെതിരെ റിയോള ഷെമായിലി സ്റ്റോപ്പേജ് ടൈമിൽ നേടിയ സമനില ഗോളാണ് (11) സ്വിറ്റ്സർലൻഡിന് തുണയായത്. ഈ ഫലം സ്വിസ് ടീമിനെ നേരിയ വ്യത്യാസത്തിൽ അടുത്ത ഘട്ടത്തിലേക്ക് എത്തിച്ചു., ഗോൾ വ്യത്യാസത്തിൽ ഫിൻലൻഡ് പുറത്താവുകയും ചെയ്തു.

എംമാ കോയിവിസ്റ്റോയെ വിയോള കല്ലിഗാരിസ് ബോക്സിനുള്ളിൽ ഫൗൾ ചെയ്തതിന് ലഭിച്ച പെനാൽറ്റി നടാലിയ കുയ്ക്ക വലയിലെത്തിച്ചപ്പോൾ ആതിഥേയർ ലീഡ് എടുത്തിരുന്നു. എന്നാൽ, അധികസമയത്തിന്റെ രണ്ടാം മിനിറ്റിൽ ജെറാൾഡിൻ റൂട്ടലറുടെ ക്രോസിൽ നിന്ന് ഷെമായിലി പന്ത് വലയിലെത്തിച്ചതോടെ സ്വിസ് നോക്കൗട്ട് റൗണ്ടിലേക്ക് മുന്നേറി.

ജൂലൈ 18-ന് നടക്കുന്ന ക്വാർട്ടർ ഫൈനലിൽ ഗ്രൂപ്പ് ബി വിജയികളെ നിലവിലെ ലോക ചാമ്പ്യൻമാരായ സ്പെയിൻ ആകാനാണ് സാധ്യത സ്വിറ്റ്സർലൻഡ് നേരിടും. ഗ്രൂപ്പിൽ ഒന്നാമത് ഫിനിഷ് ചെയ്ത നോർവേ ഗ്രൂപ്പ് ബി റണ്ണേഴ്സ് അപ്പിനെയാണ് നേരിടുക.

# കാക്കടവ് രക്ഷപ്പെട്ടു

(വാടാമല്ലികൾ ഭാഗം – 25)



കെ.എഫ്.ജോർജ്

മുതിർ മാധ്യമ പ്രവർത്തകൻ



കാക്കടവ്: മലയോരം പുകയുന്നു

കെ. എഫ്. ജോർജ്

ചില വാർത്താ പരമ്പരകൾ കൊണ്ട് സർക്കാരിനെ വീണ്ടു വിചാരത്തിനു പ്രേരിപ്പിക്കാൻ കഴിയും. 40 വർഷം മുമ്പ് ഗവൺമെന്റ് വകുപ്പുകളും നാടു ഭരിക്കുന്നവരും പത്ര വാർത്തകളെ ഗൗരവത്തിലെടുത്തിരുന്നു. അഴിമതികൾ സംബന്ധിച്ചും പൊതു ജന പരാതികൾ സംബന്ധിച്ചും വരുന്ന വാർത്തകൾ പബ്ലിക് റിലേഷൻസ് വകുപ്പ് അതാതു വകുപ്പുകൾക്കും മന്ത്രിമാർക്കും നൽകുന്ന പതിവുണ്ടായിരുന്നു. പലപ്പോഴും വേണ്ട തിരുത്തൽ നടപടികളും നീക്കങ്ങളും ഉണ്ടാകുമായിരുന്നു. ഇന്ന് തെറ്റുകളും അഴിമതിയും ചൂണ്ടിക്കാണിച്ചാൽ അതു മൂടിവയ്ക്കാനും സമർത്ഥിക്കാനുമുള്ള കസർത്തുകളാണ് നടക്കുക.

കണ്ണൂർ, കാസർകോട് ജില്ലകളുടെ അതിർത്തി പങ്കിടുന്ന വടക്കുകിഴക്കൻ പ്രദേശത്ത് നിർമ്മിക്കാൻ ഉദ്ദേശിച്ച കാക്കടവ് ഡാമിനെതിരെ 1980ൽ വലിയ ജനരോഷം ഉണർന്നു. കാര്യങ്കോട് പുഴയിൽ അണകെട്ടി നിലേശ്വരം, ചീമേനി, ചെറുവത്തൂർ, തൃക്കരിപ്പൂർ തുടങ്ങിയ പ്രദേശങ്ങളിൽ വെള്ളമെത്തിച്ച് നെൽകൃഷി പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി 1957ലാണ് രൂപം കൊള്ളുന്നത്. അക്കാലത്ത് ഡാം പണിയാൻ ഉദ്ദേശിച്ച ചീമേനി വെസ്റ്റ് എളേരി പഞ്ചായത്തുകളിലെ പ്രദേശങ്ങളും ചെറുപുഴ മേഖലയും 1980 ആയപ്പോഴേക്കും വലിയ ജനവാസമുള്ള കാർഷിക കേന്ദ്രങ്ങളായി വളർന്നിരുന്നു. ഈ ഡാം 1957ൽ നിർമ്മിച്ചിരുന്നുവെങ്കിൽ പ്രശ്നമുണ്ടാകുമായിരുന്നില്ല. 23 വർഷത്തിനു ശേഷം ഡാം നിർമ്മിച്ചാൽ ചെറുപുഴ, പാലാവയൽ, തിരുമേനി, ചിറ്റാരിക്കൽ തുടങ്ങിയ പ്രദേശങ്ങളെല്ലാം വെള്ളത്തിനടിയിലാകുന്ന സ്ഥിതിയായി. റിസർവോയറിന്റെ മുകൾ ഭാഗം കർണാടക വനത്തിലേക്കു തള്ളിക്കിടക്കും.

ഡാം നിർമ്മിച്ചാൽ ആയിരക്കണക്കിനു കുടുംബങ്ങൾ ഒഴിഞ്ഞുപോകേണ്ടി വരും. 1957ലെ സർവേ വെച്ച് ഡാം പണിയരുതെന്നും കൂടുതൽ പഠനങ്ങൾ നടത്തി പദ്ധതി പുനഃപരിശോധിക്കണമെന്നും കർഷകരും പ്രാദേശിക രാഷ്ട്രീയ നേതാക്കളും ആവശ്യപ്പെട്ടുവെങ്കിലും ഉദ്യോഗസ്ഥരും സർക്കാരും പദ്ധതി നടപടികളുമായി മുന്നോട്ടുപോയി. ഡാമിനായി നഷ്ടപ്പെടുന്ന ഭൂമിയുടേയും വരുമാനത്തിന്റേയും വ്യക്തമായ കണക്കുകൾ അവതരിപ്പിക്കണമെന്ന് കർഷകർ ആവശ്യപ്പെട്ടെങ്കിലും ഡാം നിർമ്മാണ നടപടികൾക്കായി നിലേശ്വരത്ത് ഓഫീസ് തുറന്ന് മുന്നോട്ടു പോവുകയാണ് അധികൃതർ ചെയ്തത്.

ഇതോടെ മലയോര കർഷകർ സംഘടിച്ചു. മലയോര കർഷക സംരക്ഷണ സമിതിക്ക് രൂപം നൽകി. പാലാവയൽ പള്ളി വികാരിയും എന്റെ ജ്യേഷ്ഠ സഹോദരനുമായ ഫാ.സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടു കുന്നേലായിരുന്നു പ്രസിഡന്റ്. തോമസ് നെല്ലുവേലിയെ സെക്രട്ടറിയായി തെരഞ്ഞെടുത്തു.

പദ്ധതി സമഗ്രമായ പുനഃപരിശോധനയ്ക്കു വിധേയമാക്കണമെന്ന് ആവശ്യപ്പെട്ട് ചെറുപുഴയിൽ വൻ കർഷക റാലിയും പൊതു യോഗവും നടന്നു. തലശ്ശേരി ബിഷപ്പ് ഡോ.സെബാസ്റ്റിയൻ വള്ളോപ്പിള്ളി, ഫാ.വടക്കൻ, എം.എൽ.എമാരായ സി.ടി.അഹമ്മദാലി, എം.കെ.ജോസഫ് തുടങ്ങിയവർ യോഗത്തിൽ പ്രസംഗിച്ചു.

എന്നിട്ടും സർക്കാർ അനങ്ങിയില്ല. പുനഃപരിശോധനയില്ല, എന്തായാലും കാക്കടവ് പദ്ധതി നടപ്പാക്കുമെന്ന് ജലസേചന മന്ത്രി ഡോ.സുബ്ബറാവു ആവർത്തിച്ചു.

ഇതോടെ ജനങ്ങൾ ക്ഷുഭിതരായി. ഡാം പണിയുന്ന സ്ഥലങ്ങളും വെള്ളത്തിൽ മുങ്ങുന്ന കാർഷിക കേന്ദ്രങ്ങളും സ്കൂളുകളും വ്യാപാര കേന്ദ്രങ്ങളും സന്ദർശിച്ച് 'ദീപികയിൽ' വാർത്താ പരമ്പര പ്രസിദ്ധീകരിച്ചു. കാക്കടവ് സംബന്ധിച്ച വാർത്തകൾ വലിയ പ്രാധാന്യത്തോടെയാണ് ദീപിക കൊടുത്തത്.

പ്രശ്നം സർക്കാർ ശ്രദ്ധയിൽ കൊണ്ടുവരാൻ കണ്ണൂർ കലക്ട്രേറ്റ് പിക്കറ്റ് ചെയ്യാൻ മലയോര കർഷക സംരക്ഷണ സമിതി തീരുമാനിച്ചു. ഉൾനാടൻ മലയോര പ്രദേശങ്ങളിൽ അന്ന് ബസ് സർവ്വീസുകൾ കുറവാണ്. ഗതാഗത യോഗ്യമായ റോഡുകൾ തന്നെ വിരളം. അഞ്ഞൂറോളം ജീപ്പുകളിൽ കർഷകർ കണ്ണൂരിലെത്തി കലക്ട്രേറ്റ് പിക്കറ്റു ചെയ്തു. രാഷ്ട്രീയ നേതാക്കൾ പ്രസംഗിച്ചു. പദ്ധതി പുനഃപരിശോധിക്കാൻ തയ്യാറാകുന്നതുവരെ മരണം വരെ നിരാഹാര വ്രതം അനുഷ്ഠിക്കുമെന്ന് സമിതി പ്രസിഡന്റ് ഫാ.സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ പ്രഖ്യാപിച്ചു.കണ്ണൂരിലെ കർഷക പ്രകടനവും കലക്ട്രേറ്റ് പിക്കറ്റിങ്ങും സമിതി പ്രസിഡന്റിന്റെ നിരാഹാര പ്രഖ്യാപനവും ഇത് സംബന്ധിച്ചുള്ള പരമ്പരയും വാർത്തകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. സമരം നിർത്തിവയ്ക്കണമെന്നും ചർച്ചയ്ക്കായി മുഖ്യമന്ത്രി കണ്ണൂരിൽ എത്തുമെന്നും അദ്ദേഹത്തിന്റെ ഓഫീസിൽ നിന്നും അറിയിച്ചു. ഒരാഴ്ച കഴിഞ്ഞ് മുഖ്യമന്ത്രി ഇ.കെ.നായനാർ കണ്ണൂരിലെത്തി കർഷക നേതാക്കളുമായി ചർച്ച നടത്തി. കാക്കടവ് പദ്ധതി ഉപേക്ഷിക്കുകയാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

കർഷകരുടെ വീറുറ്റ സമരം കൊണ്ട് രക്ഷപ്പെട്ടത് ചെറുപുഴ പ്രദേശമാണ്. ഇന്ന് ഇത് കൊച്ചു നഗരമാണ്. മലയോര ഹൈവേ ഇതുവഴി കടന്നു പോകുന്നു.

1984ൽ വയനാട് ചുരം റോഡ് 15 സ്ഥലത്ത് ഇടിഞ്ഞ് ഇതുവഴിയുള്ള ഗതാഗതം ഒരു മാസത്തോളം തടസപ്പെട്ടിരുന്നു. ആനക്കാംപൊയിലിൽ നിന്ന് മേപ്പാടി ചൂരൽ മലയിലേക്ക് താമരശ്ശേരി ചുരത്തിനു ബദൽ റോഡ് നിർമ്മിക്കാമെന്ന് പത്രത്തിൽ വിശദമായ വാർത്തകൾ കൊടുത്തു. പഴയകാല നായാട്ടുകാരും ആനക്കാംപൊയിലിലെ നാട്ടുകാരുമാണ് മറിപ്പുഴ, സ്വർഗം കുന്നു വഴിയുള്ള ബദൽ പാതയുടെ സാധ്യത ചൂണ്ടിക്കാണിച്ചത്. കുടിയേറ്റത്തിന്റെ ആദ്യകാലത്ത് കാട്ടുമൃഗങ്ങളെ വേട്ടയാടിയിരുന്നവർ ഇതുവഴി ചൂരൽമലയിലെ തൊള്ളായിരംകണ്ടി എസ്റ്റേറ്റിലെത്തിയിരുന്നതായി പറഞ്ഞു.മേപ്പാടിയിലെ ജനപ്രതിനിധികൾ കാട്ടിലൂടെയുള്ള ഈ വഴി നടന്ന് തിരുവമ്പാടിയിലെത്തി ബദൽ റോഡു സംബന്ധിച്ച് സെമിനാറും പൊതുയോഗവും നടത്തി. തിരുവമ്പാടിക്കാരും ഇതുപോലെ മേപ്പാടിയിലെത്തി സമ്മേളനം നടത്തി.ഇപ്പോൾ ഇതുവഴി വയനാട്ടിലേക്ക് തുരങ്കപാത നിർമ്മിക്കാൻ സർക്കാർ അനുമതി കൊടുത്തിരിക്കുന്നു. മലമടക്കുകളിലൂടെ വളഞ്ഞുപുളഞ്ഞു പോകുന്ന റോഡിനു പകരം മറിപ്പുഴയിൽ നിന്ന് പാറ തുരന്ന് സുഗമമായി വയനാട്ടിലെത്തുന്ന തുരങ്കപാതയാണ് വരുന്നത്.



RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.